# തങ്കവാക്യങ്ങൾ

പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ
സൺഡേസ്കൂൾ അസോസിയേഷൻ
പ്രസിദ്ധപ്പെടുത്തുന്നത്

ossae.org, ossaebodhanam.org

**THANKAVAKYANGAL**

An O. S. S. A. E. Publication
Devalokam, Kottayam-686 004

17th Edition: February 2023

Copies: 3000

Printed at: Alois Graphics, Kottayam

Price: ₹ 40.00

# പ്രസ്താവന

1991–ൽ അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് തിരുമേനി തയ്യാറാക്കി തന്ന തങ്കവാക്യങ്ങൾ എന്ന പുസ്തകത്തിൽ ഓരോ ശീർഷകത്തിലും കൂടുതൽ വാക്യങ്ങൾ ചേർത്താണ് ഓരോ പുതിയ പതിപ്പും തയ്യാറാക്കുന്നത്.

വേദപുസ്തകത്തിലെ ശ്രദ്ധേയമായ കുറെ വാക്യങ്ങൾ ക്രമീകരിച്ച് വിവിധ വിഷയങ്ങളിലായി എഴുതിയിരിക്കുന്നതിനാൽ, എല്ലാ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളിലെയും പ്രവർത്തകർക്ക് ഇത് ഏറ്റവും പ്രയോജനകരമായിരിക്കും.

ഈ പുതിയ പതിപ്പിൽ അച്ചടിപ്പിശകുകൾ പരമാവധി ഇല്ലാതാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. മുൻ പതിപ്പുകൾ ഉപയോഗിക്കുന്നവർ അതിൽ വന്ന ചില അച്ചടിപ്പിശകുകൾ തിരുത്തി ഉപയോഗിക്കുവാൻ ശ്രദ്ധിക്കുമല്ലോ. പഠിതാക്കൾ ഇതോടൊപ്പം വേദപുസ്തകം കൂടി ഉപയോഗിക്കണം എന്നു പറയേണ്ടതില്ലല്ലോ.

ദേവലോകം
12–02–2022

**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ
ഒ.എസ്.എസ്. എ.ഇ.

# വിഷയ വിവരം


| | | |
|---|---|---|
| 1. | ദൈവം | 7 |
| 2. | ത്രിത്വം | 8 |
| 3. | പിതാവ് | 9 |
| 4. | പുത്രൻ | 11 |
| 5. | പരിശുദ്ധറൂഹാ | 13 |
| 6. | വി. സഭ | 15 |
| 7. | വി. മാമ്മോദീസാ | 16 |
| 8. | വി. മൂറോൻ | 19 |
| 9. | വി. കുർബ്ബാന | 20 |
| 10. | വി. കുമ്പസാരം | 21 |
| 11. | വി. പട്ടത്വം | 22 |
| 12. | വി. വിവാഹം | 23 |
| 13. | രോഗികളുടെ വി. തൈലാഭിഷേകം | 24 |
| 14. | പ്രാർത്ഥന | 25 |
| 15. | നോമ്പ് | 27 |
| 16. | ദൈവഭക്തി | 28 |
| 17. | ദൈവവചനം | 29 |
| 18. | വിശ്വാസം | 31 |
| 19. | സ്നേഹം | 32 |
| 20. | പ്രത്യാശ | 35 |
| 21. | സ്വർഗ്ഗം | 36 |
| 22. | നരകം | 37 |
| 23. | മാതാപിതാക്കന്മാർ | 38 |
| 24. | പൈതങ്ങൾ | 39 |
| 25. | നിത്യജീവൻ | 40 |
| 26. | മരണം | 41 |

| | | |
|---|---|---|
| 27. | ധ്യാനം | 43 |
| 28. | പാപം | 44 |
| 29. | പരിശുദ്ധന്മാർ | 46 |
| 30. | മദ്ധ്യസ്ഥപ്രാർത്ഥന | 47 |
| 31. | ശബ്ബത്ത് | 48 |
| 32. | താഴ്മ | 49 |
| 33. | ക്ഷമ | 50 |
| 34. | അനുസരണം | 52 |
| 35. | സമ്പത്ത് | 53 |
| 36. | ക്രിസ്തീയദാനം | 54 |
| 37. | രക്ഷ | 55 |
| 38. | സമാധാനം | 56 |
| 39. | രണ്ടാമത്തെ വരവ് | 58 |
| 40. | ന്യായവിധി | 60 |
| 41. | കൃപ | 61 |
| 42. | സത്യം | 63 |

## 1. ദൈവം

1. ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്ക് ഉള്ളതാകുന്നു. (സങ്കീ. 24:1)
2. എല്ലാ നല്ല ദാനവും, തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്ന് വെളിച്ചങ്ങളുടെ പിതാവിങ്കൽനിന്ന് ഇറങ്ങിവരുന്നു. (യാക്കോ. 1:17)
3. അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്. (അപ്പോ. 17:28)
4. ദൈവം സ്നേഹം തന്നെ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു. (1 യോഹ. 4:16)
5. യിസ്രായേലേ കേൾക്ക, യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ. (ആവ. 6:4)
6. യഹോവയെപ്പോലെ പരിശുദ്ധൻ ഇല്ല. (1 ശമൂ. 2:2)
7. നിന്റെ ദൈവമായ യഹോവ ദഹിപ്പിക്കുന്ന അഗ്നിയല്ലോ. തീക്ഷ്ണതയുള്ള ദൈവം തന്നെ. (ആവ. 4:24)
8. ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ലല്ലോ. (വി. ലൂക്കോ. 1:37)
9. ഹാ! ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും, അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു. (റോമ. 11:33)
10. അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ലതാനും. (അപ്പോ. 7:48)
11. എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു. എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും. (സദൃ. 8:17)
12. അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു. (സങ്കീ. 103:13)
13. യഹോവ എന്റെ ഇടയനാകുന്നു. (സങ്കീ. 23:1)
14. നിന്റെ സ്രഷ്ടാവാകുന്നു നിന്റെ ഭർത്താവ്. സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം. (യെശ. 54:5)
15. ഞാനല്ലാതെ അന്യ ദൈവങ്ങൾ നിനക്കുണ്ടാകരുത്. (പുറ. 20:3)
16. ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം (യോഹ. 4:24).

17. കർത്താവ് ആത്മാവാകുന്നു. കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്. (2 കൊരി. 3:17)
18. ദൈവം വെളിച്ചം ആകുന്നു. അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നുള്ളത് ഞങ്ങൾ അവനോട് കേട്ടു നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. (1 യോഹ. 1:5)
19. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വ സൃഷ്ടിക്കും ആദ്യജാതനും ആകുന്നു. (കൊലോസ്യർ 1:15)
20. നിത്യരാജാവായി അക്ഷയനും അദൃശ്യനുമായ ഏക ദൈവത്തിനു എന്നെന്നേക്കും ബഹുമാനവും മഹത്വവും. (1 തീമോ. 1:17)
21. യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു. അവന്റെ മഹിമ അഗോചരമത്രെ. (സങ്കീ. 145:3)
22. യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നെ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല, അവന്റെ ബുദ്ധി അപ്രമേയമത്രെ. (യെശയ്യാവ് 40:28)
23. പുരാതനനായ ദൈവം നിന്റെ സങ്കേതം. കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്. (ആവ. പുസ്തകം 33:27)
24. യഹോവയോ സത്യദൈവം; അവൻ ജീവനുള്ള ദൈവവും ശാശ്വതരാജാവും തന്നേ. (യിരെമ്യാവ് 10:10)
25. ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു. (യോഹ. 17:3)
26. യഹോവ നല്ലവനും നേരുള്ളവനും ആകുന്നു. (സങ്കീ. 25:8)
27. യഹോവ എന്റെ ബലവും എന്റെ കീർത്തനവും ആകുന്നു; അവൻ എനിക്കു രക്ഷയായും തീർന്നു. (സങ്കീ. 118:14)
28. ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായ് കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു. (റോമർ 8:28)
29. ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. (1 തീമോ. 2:5)
30. ഏതു ഭവനവും ചമപ്പാൻ ഒരാൾ വേണം. സർവ്വവും ചമച്ചവനോ ദൈവംതന്നെ. (എബ്രാ. 3:4)

## 2. ത്രിത്വം

1. നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക. (ഉല്പ.1:26)

2. ജനം എല്ലാം സ്നാനം ഏൽക്കുകയിൽ യേശുവും സ്നാനമേറ്റു. പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു. പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവ് എന്നപോലെ അവന്റെമേൽ ഇറങ്ങിവന്നു. (വി. ലൂക്കോ. 3:21, 22)
3. എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്കു തരും. (വി. യോഹ. 14:16)
4. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കുക. (വി. മത്താ. 28:19)
5. കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ. (2 കൊരി. 13:14)
6. ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദവും ഉണ്ടായി. (മത്താ. 3:17)
7. ഞാൻ പിതാവിന്റെ അടുക്കൽ നിന്നു നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽനിന്നു പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും. (യോഹ. 15:26)
8. ആകയാൽ ദൈവാത്മാവിൽ സംസാരിക്കുന്നവൻ ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറകയില്ല. പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവ് എന്നു പറയുവാൻ ആർക്കും കഴികയുമില്ല. (1 കൊരി. 12:3)
9. അവനിൽ നിങ്ങളേയും ദൈവത്തിന്റെ നിവാസമാകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു. (എഫേസ്യർ 2:22)
10. അനന്തരം ഞാൻ ആരെ അയക്കേണ്ടൂ? ആർ നമുക്കുവേണ്ടി പോകും? (യെശയ്യാവ്. 6:8)

## 3. പിതാവ്

1. മനസ്സലിവുള്ള പിതാവും സർവ്വാശ്വാസവും നൽകുന്ന ദൈവവുമായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ. (2 കൊരി. 1:3)
2. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (വി. യോഹ. 3:16)

3. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു. (വി. യോഹ. 1:18)
4. ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ. (വി. മത്തായി 5:48)
5. ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിപ്പിൻ; അല്ലെങ്കിൽ പ്രവൃത്തിനിമിത്തം എന്നെ വിശ്വസിപ്പിൻ. (യോഹ. 14:11)
6. ഞാനും പിതാവും ഒന്നാകുന്നു. (വി. യോഹ. 10:30)
7. പിതാവേ നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ. എങ്കിലും എന്റെ ഇഷ്ടമല്ല. നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നു പ്രാർത്ഥിച്ചു. (വി. ലൂക്കോ. 22:42)
8. നിങ്ങൾ യരുശലേമിൽനിന്ന് വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം. (അപ്പോ. 1:4)
9. മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ. (വി. മത്തായി 5:16)
10. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നൽകും. (വി. മത്തായി 6:18)
11. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും. (വി. മത്തായി 10:33)
12. മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. (വി. മത്തായി 10:32)
13. സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു. (വി. യോഹ. 4:23)
14. ജീവനുള്ള പിതാവു എന്നെ അയച്ചിട്ടു ഞാൻ പിതാവിൻമൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എന്മൂലം ജീവിക്കും. (വി. യോഹ. 6:57)
15. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. (1 യോഹ. 2:15)
16. എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ. (എഫേസ്യർ 4:6)

17. എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. (വി. യോഹ. 14:2)

## 4. പുത്രൻ

1. നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്ന് പേർ വിളിക്കപ്പെടും. (യെശ. 9:6)
2. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നുമെന്നേക്കും അനന്യൻ തന്നെ. (എബ്രാ. 13:8)
3. യേശു അവരോട്: ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു: അബ്രഹാം ജനിച്ചതിനു മുമ്പേ ഞാൻ ഉണ്ട്. (വി. യോഹ. 8:58)
4. അവൻ സർവ്വത്തിനും മുമ്പേയുള്ളവൻ. അവൻ സകലത്തിനും ആധാരമായിരിക്കുന്നു. (കൊലോ. 1:17)
5. നീ എന്റെ പുത്രൻ. ഞാൻ ഇന്ന് നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്നും ഞാൻ അവന് പിതാവും അവൻ എനിക്ക് പുത്രനും ആയിരിക്കും എന്നും ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ? (എബ്രാ. 1:5)
6. മേഘത്തിൽനിന്ന് ഇവൻ എന്റെ പ്രിയ പുത്രൻ ഇവന് ചെവികൊടുപ്പിൻ എന്ന് ഒരു ശബ്ദം ഉണ്ടായി. (വി. ലൂക്കോ. 9:35)
7. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും. (വി. യോഹ. 8:12)
8. ഞാൻ ജീവന്റെ അപ്പമാകുന്നു. (വി. യോഹന്നാൻ 6:48)
9. ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. (വി. യോഹ. 11:25)
10. ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. (വി. യോഹ. 10:11)
11. ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. (വി. യോഹ. 14:6)
12. മനുഷ്യപുത്രനോ ശബ്ബത്തിനു കർത്താവാകുന്നു. (വി. മത്തായി 12:8)

13. തോമസ് അവനോട് എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ എന്ന് ഉത്തരം പറഞ്ഞു. (വി. യോഹ. 20:28)
14. ദൈവം ഒരുവനല്ലോ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. (1 തീമോ. 2:5)
15. എന്റെ പിതാവു സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു. (മത്തായി 11:27)
16. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലംകായ്ക്കും. എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല. (വി. യോഹ. 15:5)
17. താൻ മുഖാന്തിരമായി ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ, അവരെ പൂർണ്ണമായി രക്ഷിക്കുവാൻ അവൻ പ്രാപ്തനാകുന്നു. (എബ്രാ. 7:25)
18. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (വി. യോഹ. 3:16)
19. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ, ജീവനെ കാണുകയില്ല. ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ. (വി. യോഹ. 3:36)
20. തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ. (1 കൊരി. 1:9)
21. ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്ക് അയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ. (വി. യോഹ. 3:17)
22. പിതാവ് പുത്രനെ സ്നേഹിക്കുന്നു. സകലവും അവന്റെ കൈയ്യിൽ കൊടുത്തുമിരിക്കുന്നു. (വി. യോഹ. 3:35)
23. അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്. (കൊലോ. 2:9)
24. എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു. (കൊലോ. 2:10)
25. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു. (1 യോഹ. 5:20)
26. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. (ഫിലി. 2:5)

# 5. പരിശുദ്ധ റൂഹാ

1. ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും. പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും. കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. (യെഹ. 36:26)
2. ദാസന്മാരിലും ദാസിമാരിലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും. (യോവേൽ. 2:29)
3. അതിനു യേശു: ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു. വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. (വി. യോഹ. 3:5)
4. ആകയാൽ ദൈവാത്മാവിൽ സംസാരിക്കുന്നവൻ ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറകയില്ല. പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവ് എന്നു പറയുവാൻ ആർക്കും കഴികയില്ല. (1 കൊരി. 12:3)
5. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധംവരുത്തും. (വി. യോഹ. 16:8)
6. ദൈവത്തിന്റെ സ്നേഹം നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ. (റോമ. 5:5)
7. ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. (റോമ. 8:26)
8. ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം. (ഗലാ. 5:22-23)
9. നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു. (2 കൊരി. 3:18)
10. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവൻ അല്ല. (റോമ. 8:9)
11. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. (എഫെ. 4:30)
12. ആത്മാവിനെ കെടുക്കരുത്. (1 തെസ്സ. 5:19)
13. ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല. നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ. (റോമ. 14:17)
14. നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ. (1 കൊരി. 3:16)

15. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവ കല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ. (2 പത്രോ. 1:21)

16. പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യരുശലേമിലും യഹൂദ്യയിലും എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും. (അപ്പോ. 1:8)

17. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. (അപ്പോ. 2:4)

18. ഈ വസ്തുതയ്ക്ക് ഞങ്ങളുടെ ദൈവം തന്നെ അനുസരിക്കുന്ന വർക്ക് നൽകിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു. (അപ്പോ. 5:32)

19. അവർ അവരുടെമേൽ കൈവെച്ചപ്പോൾ അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു. (അപ്പോ. 8:17)

20. സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും. (വി. ലൂക്കോ. 11:13)

21. എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും. (വി. യോഹ. 14:16)

22. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരുകയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. (വി. യോഹ. 16:7)

23. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും. (വി. യോഹ. 16:13)

24. ഞാൻ പിതാവിന്റെ അടുക്കൽനിന്ന് നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽനിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും. (വി. യോഹ. 15:26)

25. ദൈവത്തിന്റെ ആത്മാവ് എന്നെ സൃഷ്ടിച്ചു. സർവ്വശക്തന്റെ ശ്വാസം എനിക്ക് ജീവനെ തരുന്നു. (ഇയ്യോ. 33:4)

26. നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു. ആത്മാവ് സകലത്തെയും ദൈവത്തിന്റെ ആഴങ്ങളേയും ആരായുന്നു. (1 കൊരി. 2:10)

27. ഒരുത്തനു ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തനു അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നല്കപ്പെടുന്നു. (1 കൊരി. 12:8)
28. ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ; മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെമേൽ ആവസിക്കുന്നുവല്ലോ. (1 പത്രോ. 4:14)
29. എന്നാൽ ഇതു എല്ലാം പ്രവർത്തിക്കുന്നതു താൻ ഇച്ഛിക്കുംപോലെ അവനവനു അതതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവു തന്നെ. (1 കൊരി. 12:11)
30. ദൈവമേ നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കണമേ. (സങ്കീ. 51:10)

## 6. വി. സഭ

1. നീ പത്രോസ് ആകുന്നു. ഈ പാറന്മേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് ഞാൻ നിന്നോട് പറയുന്നു. (വി. മത്തായി 16:18)
2. അവരെ കൂട്ടാക്കാഞ്ഞാൽ സഭയോട് അറിയിക്ക. സഭയേയും കൂട്ടാക്കാഞ്ഞാൽ അവൻ നിനക്ക് പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ. (വി. മത്താ. 18:17)
3. എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്ക് കൊടുക്കയും ചെയ്തിരിക്കുന്നു. (എഫെ. 1:23)
4. യേശുക്രിസ്തു തന്നെ മൂലക്കല്ലായിരിക്കെ, നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. (എഫെ. 2:20)
5. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്. അവയേയും ഞാൻ നടത്തേണ്ടതാകുന്നു. അവ എന്റെ ശബ്ദം കേൾക്കും. ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും. (വി. യോഹ. 10:16)
6. നിങ്ങളോ അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുതപ്രകാശത്തിലേയ്ക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും, രാജകീയ പുരോഹിതവർഗ്ഗവും, വിശുദ്ധവംശവും, സ്വന്തജനവുമാകുന്നു. (1 പത്രോ. 2:9)
7. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്ക് തലയാകുന്നതുപോലെ ഭർത്താവ് ഭാര്യയ്ക്ക് തലയാകുന്നു. (എഫെ. 5:23)

8. ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയത്, ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത്. (എഫെ. 5:31–32)
9. പുതിയ യെരുശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി, സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്നു തന്നെ, ഇറങ്ങുന്നതും ഞാൻ കണ്ടു. (വെളി. 21:2)
10. ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ച് ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു. (കൊലോ. 1:24)
11. യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല. (1 കോരി. 3:11)
12. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും, കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു. (എഫേ. 5:26–27)
13. അവർ സഭതോറും അവർക്ക് മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കുകയും ചെയ്തു. (അപ്പോ. 14:23)
14. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തു കൊണ്ടിരുന്നു. (അപ്പോ. 2:47)
15. നിങ്ങളെ തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊൾവിൻ. (അപ്പോ. 20:28)
16. നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു. (1 കൊരി. 12:27)
17. നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ. (1 കൊരി. 3:16)

## 7. വി. മാമോദീസാ

1. ഞാൻ നിങ്ങളുടെമേൽ നിർമ്മലജലം തളിക്കും. നിങ്ങൾ നിർമ്മലരായിത്തീരും. (യെഹ. 36:25)

2. യോഹന്നാൻ വെള്ളംകൊണ്ട് സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയും മുമ്പേ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും. (അപ്പോ. 1:5)
3. വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയില്ല. (വി. യോഹ. 3:5)
4. കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു. (1 പത്രോ. 1:23)
5. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപോയി. ഇതാ അതു പുതുതായി തീർന്നിരിക്കുന്നു. (2 കൊരി. 5:17)
6. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. (വി. യോഹ. 1:12)
7. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. (വി. മർക്കോ. 16:16)
8. പത്രോസ് അവരോട്: നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഒരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പ്പിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. (അപ്പോ. 2:38)
9. യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനമേറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? (റോമ. 6:3)
10. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. (ഗലാ. 3:27)
11. ദൈവത്തിൽനിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല. അവന്റെ വിത്ത് അവനിൽ വസിക്കുന്നു. ദൈവത്തിൽനിന്ന് ജനിച്ചതിനാൽ അവന് പാപം ചെയ്യുവാൻ കഴിയുകയുമില്ല. (1 യോഹ. 3:9)
12. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കുക. (വി. മത്താ. 28:19)
13. കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്. (എഫെ. 4:5)
14. അവൻ (ക്രിസ്തു) നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപ്പിക്കും. (വി. മത്താ. 3:11)

15. യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ പരിശുദ്ധാത്മാവുകൊണ്ട് സ്നാനം ലഭിക്കും എന്ന് കർത്താവ് പറഞ്ഞ വാക്ക് ഓർത്തു. (അപ്പോ. 11:16)

16. യഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏക ശരീരമാകുമാറ് ഒരേ ആത്മാവിനാൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു. (1 കൊരി. 12:13)

17. നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായിത്തീരേണ്ടതിനു പുനർജനന സ്നാനംകൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെമേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണംകൊണ്ടും തന്നെ. (തീത്തോസ് 3:6–7)

## ശിശുക്കൾക്ക് സ്നാനം നൽകുന്നതിന്റെ അടിസ്ഥാനം

18. മറിയയുടെ വന്ദനം എലിസബേത്ത് കേട്ടപ്പോൾ പിള്ള അവളുടെ ഗർഭത്തിൽ തുള്ളി. എലിസബേത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി. (വി. ലൂക്കോ. 1:41)

19. യേശു അവരുടെ വിശ്വാസം കണ്ട് പക്ഷവാതക്കാരനോട്: മകനേ, ധൈര്യമായിരിക്ക, നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറഞ്ഞു. (വി. മത്തായി 9:2)

20. യേശു അവളോട്: സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്. നിന്റെ ഇഷ്ടംപോലെ നിനക്കു ഭവിക്കട്ടെ എന്ന് ഉത്തരം പറഞ്ഞു. ആ നാഴികമുതൽ അവളുടെ മകൾക്ക് സൗഖ്യംവന്നു. (വി. മത്താ. 15:28)

21. ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ. അവരെ തടുക്കരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ. (വി. മർക്കോ. 10:14)

22. വാഗ്ദത്തം (പരിശുദ്ധാത്മദാനം) നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും (ശിശുക്കൾക്കും) നമ്മുടെ ദൈവമായ കർത്താവ് വിളിച്ചുവരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ. (അപ്പോ. 2:39)

23. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. (വി. മർക്കോ. 10:15)

24. അമ്മയുടെ ഗർഭത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറയും. (വി. ലൂക്കോ. 1:15)

25. ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ. (1 പത്രോ. 2:2)
26. അവളും (ലുദിയാ) കുടുംബവും സ്നാനം ഏറ്റു. (അപ്പോ. 16:15)
27. സ്തേഫാനോസിന്റെ ഭവനക്കാരേയും ഞാൻ (പൗലോസ്) സ്നാനം കഴിപ്പിച്ചു. (1 കൊരി. 1:16)
28. കുഞ്ഞുങ്ങളേ നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു. (1 യോഹ. 2:13)
29. ഇപ്പോഴോ അവർ (നിങ്ങളുടെ മക്കൾ) വിശുദ്ധർ ആകുന്നു. (1 കൊരി. 7:14)

## 8. വി. മൂറോൻ

1. അവൻ അഹറോന്റെ തലയിൽ അഭിഷേകതൈലം ഒഴിച്ചു. അവനെ അഭിഷേകം ചെയ്തു ശുദ്ധീകരിച്ചു. (ലേവ്യ. 8:12)
2. അങ്ങനെ ശമൂവേൽ തൈലക്കൊമ്പ് എടുത്ത് അവന്റെ സഹോദരന്മാരുടെ നടുവിൽ വെച്ച് അവനെ അഭിഷേകം ചെയ്തു. യഹോവയുടെ ആത്മാവ് അന്നു മുതൽ ദാവീദിന്മേൽ വന്നു. (1 ശമു. 16:13)
3. നിംശിയുടെ മകനായ യേഹൂവിനെ യിസ്രായേലിനു രാജാവായിട്ടു അഭിഷേകം ചെയ്യണം. ആബേൽ മെഹോലയിൽ നിന്നുള്ള സാഫാത്തിന്റെ മകനായ ഏലീശയെ നിനക്കു പകരം പ്രവാചകനായിട്ട് അഭിഷേകം ചെയ്യുകയും വേണം (1 രാജാ. 19:16)
4. അവർ അവരുടെമേൽ കൈവെച്ചപ്പോൾ, അവർക്കു പരിശുദ്ധാത്മാവ് ലഭിച്ചു. (അപ്പോ. 8:17)
5. നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ച്, സകലവും അറിയുന്നു. (1 യോഹ. 2:20)
6. ഞങ്ങളെ നിന്നോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷകം ചെയ്തതും ദൈവമല്ലോ. (2 കൊരി. 1:21)
7. ഞാൻ എന്റെ ദാസനായ ദാവീദിനെ കണ്ടെത്തി, എന്റെ വിശുദ്ധ തൈലംകൊണ്ട് അവനെ അഭിഷേകം ചെയ്തു. (സങ്കീ. 89:20)
8. എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു. എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു. എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു. (സങ്കീ. 23:5)

# 9. വി. കുർബ്ബാന

1. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു. ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായ് ചെയ്‌വിൻ എന്നു പറഞ്ഞു. (1 കൊരി. 11:25)
2. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കുന്നു. (വി. യോഹ. 6:56)
3. നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം, ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മയല്ലയോ? നാം നുറുക്കുന്ന അപ്പം, ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയല്ലോ? (1 കൊരി. 10:16)
4. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്ക് ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. (1 കൊരി. 11:29)
5. ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിൻമൂലം ജീവിക്കുന്നതുപോലെ, എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും. (വി. യോഹ. 6:57)
6. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും. (വി. യോഹ. 6:54)
7. അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. (അപ്പോ. 2:42)
8. ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ, പൗലോസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ട് അവരോട് സംഭാഷിച്ച്, പാതിരവരെയും പ്രസംഗം നീട്ടി. (അപ്പോ. 20:7)
9. അങ്ങനെ നിങ്ങൾ ഈ അപ്പംതിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. (1 കൊരി. 11:26)
10. അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തു. വാങ്ങി ഭക്ഷിപ്പിൻ, ഇത് എന്റെ ശരീരം എന്നു പറഞ്ഞു. (മത്തായി. 26:26)
11. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഇതാകുന്നു. പിതാക്കന്മാർ തിന്നുകയും മരിക്കുകയും ചെയ്തതുപോലെയല്ല. ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും. (വി. യോഹ. 6:58)

12. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്വാൻ. (1 കൊരി. 11:28)

13. തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ. (1 കൊരി. 1:9)

14. അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൻ ആകുന്നുവല്ലോ. (1 കൊരി. 10:17)

## 10. വി. കുമ്പസാരം

1. ആ വക കാര്യത്തിൽ അവൻ കുറ്റക്കാരനാകുമ്പോൾ, താൻ പാപം ചെയ്തു എന്ന് അവൻ ഏറ്റു പറയേണം. (ലേവ്യർ 5:5)
2. തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ, കരുണ ലഭിക്കും. (സദൃ. 28:13)
3. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ, യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. (സങ്കീ. 32:1–2)
4. ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരമുണ്ട്. (മത്താ. 9:6)
5. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും. (വി. മത്താ. 16:19)
6. നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. (വി. മത്താ. 18:18)
7. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ, അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു. (വി. യോഹ. 20:23)
8. തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞുകൊണ്ട്, യോർദ്ദാൻ നദിയിൽ, അവനാൽ സ്നാനമേറ്റു. (വി. മത്താ. 3:6)
9. വിശ്വസിച്ചവരിൽ അനേകരും വന്ന് തങ്ങളുടെ പ്രവൃത്തികളെ ഏറ്റു പറഞ്ഞ് അറിയിച്ചു. (അപ്പോ. 19:18)

10. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട്, പാപങ്ങളെ ക്ഷമിച്ച്, സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. (1 യോഹ. 1:9)
11. നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും. രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. (യെശ. 1:18)
12. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല. (വി. യോഹ. 6:37)
13. മാനസാന്തരംകൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപത് നീതിമാരെക്കുറിച്ചുള്ളതിനേക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും. (വി. ലൂക്കോ. 15:7)
14. അങ്ങനെതന്നെ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും. (വി. ലൂക്കോ. 15:10)
15. സൂക്ഷിച്ചുകൊൾവിൻ; സഹോദരൻ പിഴെച്ചാൽ അവനെ ശാസിക്ക. അവൻ മാനസാന്തരപ്പെട്ടാൽ അവനോടു ക്ഷമിക്ക. (വി. ലൂക്കോ. 17:3)
16. നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനോടു പ്രാർത്ഥിക്ക. പക്ഷേ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചുകിട്ടുമായിരിക്കും. (അപ്പോ. 8:22)
17. ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രെ വിളിപ്പാൻ വന്നത്. (വി. മത്തായി 9:13)

## 11. വി. പട്ടത്വം

1. നീ മൽക്കീസദേക്കിന്റെ ക്രമപ്രകാരം എന്നേക്കും ഒരു പുരോഹിതൻ. (എബ്രാ. 5:6)
2. അഹറോനെപ്പോൽ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല. (എബ്രാ. 5:4)
3. എന്റെ പിന്നാലെ വരുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും. (വി. മത്താ. 4:19)
4. നേരം വെളുത്തപ്പോൾ അവൻ ശിഷ്യന്മാരെ അടുക്കെ വിളിച്ച് അവരിൽ പന്ത്രണ്ടുപേരെ തെരഞ്ഞെടുത്ത് അവർക്ക് അപ്പോസ്തലന്മാർ എന്നു പേർ വിളിച്ചു. (വി. ലൂക്കോ. 6:13)

5. പിന്നെ അവൻ അവരോട്; നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. (വി. മർക്കോ. 16:15)
6. ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും, ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ. (1 കൊരി. 4:1)
7. അങ്ങനെ അവർ ഉപവസിച്ച് പ്രാർത്ഥിച്ച്, അവരുടെമേൽ കൈവച്ച്, അവരെ പറഞ്ഞയച്ചു. (അപ്പോ. 13:3)
8. അവർ സഭതോറും അവർക്ക് മൂപ്പന്മാരെ നിയമിക്കുകയും, ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ട്, തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേൽപ്പിക്കുകയും ചെയ്തു. (അപ്പോ. 14:23)
9. ഇടവകകളുടെമേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല, ആട്ടിൻകൂട്ടത്തിന് മാതൃകകളായിത്തീർന്നുകൊണ്ടും, അദ്ധ്യക്ഷത ചെയ്വിൻ. (1 പത്രോ. 5:3)
10. നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെത്തന്നെ, ഇരട്ടി മാനത്തിന് യോഗ്യരാക്കി എണ്ണുക. (1 തീമോ. 5:17)
11. വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എല്ലാ നന്മയിലും ഓഹരികൊടുക്കണം. (ഗലാ. 6:6)
12. യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നെ (പുരോഹിതന്മാർ) നിർമ്മലീകരിപ്പിൻ. (യെശ. 52:11)
13. അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസാക്ഷിയിൽ വെച്ചുകൊള്ളുന്നവർ ആയിരിക്കണം. (1 തീമോ. 3:9)
14. അവർ തങ്ങളുടെ ദൈവത്തിന്റെ ഭോജനമായ യഹോവയുടെ ദഹനയാഗങ്ങൾ അർപ്പിക്കുന്നു. ആകയാൽ അവർ വിശുദ്ധന്മാരായിരിക്കണം. (ലേവ്യ. 21:6)
15. കർത്താവിന്റെ ദാസൻ ശണ്ഠ ഇടാതെ എല്ലാവരോടും ശാന്തനും ഉപദേശിപ്പാൻ സമർത്ഥനും ദോഷം സഹിക്കുന്നവനുമായി അത്രേ ഇരിക്കേണ്ടത്. (2 തീമോ. 2:24)

## 12. വി. വിവാഹം

1. അനന്തരം യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവന് തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്നു അരുളിച്ചെയ്തു. (ഉല്പ. 2:18)
2. സൃഷ്ടിയുടെ ആരംഭത്തിങ്കലോ, ദൈവം അവരെ ആണും പെണ്ണുമായി ഉണ്ടാക്കി. (വി. മർക്കോ. 10:6)

3. അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രെ, ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്. (വി. മത്താ. 19:6)
4. എന്നാൽ സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നതുപോലെ, ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണം. (എഫെ. 5:24)
5. ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. (എഫെ. 5:25)
6. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തം ശരീരത്തെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. (എഫേ. 5:28)
7. സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീടു പണിയുന്നു. ഭോഷത്വമുള്ളവളോ അത് സ്വന്ത കൈകളാൽ പൊളിച്ചുകളയുന്നു. (സദൃ. 14:1)
8. യേശുവിനെയും ശിഷ്യന്മാരെയും കല്യാണത്തിന് ക്ഷണിച്ചിരുന്നു. (വി. യോഹ. 2:2)
9. എന്നാൽ നിങ്ങളും അങ്ങനെ തന്നെ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നെ സ്നേഹിക്കേണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു. (എഫെ. 5:33)
10. ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കർത്താവിൽ ഉചിതമാകുംവണ്ണം കീഴടങ്ങുവിൻ. (കൊലോ. 3:18)
11. ഭർത്താക്കന്മാരേ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ, അവരോടു കൈപ്പായിരിക്കയുമരുത്. (കൊലോ. 3:19)

## 13. രോഗികളുടെ വി. തൈലാഭിഷേകം

1. വളരെ ഭൂതങ്ങളെ പുറത്താക്കുകയും, അനേകം രോഗികൾക്ക് എണ്ണതേച്ച് സൗഖ്യം വരുത്തുകയും ചെയ്തു. (വി. മർക്കോ. 6:13)
2. നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി, അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. (വി. യാക്കോ. 5:14)
3. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന, ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും. (വി. യാക്കോ. 5:15)
4. നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ്, ഒരുവനുവേണ്ടി, ഒരുവൻ പ്രാർത്ഥിപ്പിൻ. (വി. യാക്കോ. 5:16)

5. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. (വി. യാക്കോ. 5:16)
6. അവൻ എങ്കിലും അവന്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടില്ല; ദൈവപ്രവൃത്തി അവനിൽ വെളിപ്പെടേണ്ടതിന്നത്രേ. (വി. യോഹ. 9:3)

## 14. പ്രാർത്ഥന

1. യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും, അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ, എന്നാൽ നിങ്ങൾക്ക് തുറക്കും. (വി. മത്താ. 7:7)
2. ഇടവിടാതെ പ്രാർത്ഥിപ്പിൻ. (1 തെസ്സ. 5:17)
3. അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ. എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. (വി. മർക്കോ. 11:24)
4. അവന്റെ കല്പനകളെ നാം പ്രമാണിച്ച് അവന് പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ട്, എന്ത് യാചിച്ചാലും അവങ്കൽനിന്ന് ലഭിക്കും. (1 യോഹ. 3:22)
5. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തുതരും. (വി. യോഹ. 14:13)
6. ദൈവം ആത്മാവാകുന്നു. അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം. (വി. യോഹ. 4:24)
7. ഭൂമിയിൽവച്ച് നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ, അത് സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽനിന്ന് അവർക്ക് ലഭിക്കും. (വി. മത്താ. 18:19)
8. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്. (വി. മത്താ. 18:20)
9. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടുമെന്നല്ലോ അവർക്ക് തോന്നുന്നത്. (വി. മത്താ. 6:7)
10. നിങ്ങൾ യാചിക്കുന്നു എങ്കിലും, നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിക്കകൊണ്ട്, ഒന്നും ലഭിക്കുന്നില്ല. (വി. യാക്കോ. 4:3)

11. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ. (വി. മത്താ. 26:41)
12. പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല. (വി. മത്താ. 17:21)
13. അതികാലത്ത്, ഇരുട്ടോടെ അവൻ എഴുന്നേറ്റ് പുറപ്പെട്ട് ഒരു നിർജ്ജനസ്ഥലത്ത് ചെന്ന് പ്രാർത്ഥിച്ചു. (വി. മർക്കോ. 1:35)
14. അവരെ പറഞ്ഞയച്ച് വിട്ടശേഷം, താൻ പ്രാർത്ഥിപ്പാൻ മലയിൽ പോയി. (വി. മർക്കോ. 6:46)
15. ആ കാലത്ത് അവൻ പ്രാർത്ഥിക്കേണ്ടതിന് ഒരു മലയിൽചെന്ന്, ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു. (വി. ലൂക്കോ. 6:12)
16. യേശു മേലോട്ടുനോക്കി. പിതാവേ നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. (വി. യോഹ. 11:41)
17. പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമെ. (വി. ലൂക്കോ. 23:34)
18. പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏൽപ്പിക്കുന്നു. (വി. ലൂക്കോ. 23:46)
19. നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും. (വി. മത്താ. 21:22)
20. പ്രാർത്ഥനയാൽ അല്ലാതെ ഈ ജാതി ഒന്നിനാലും പുറപ്പെട്ടുപോകയില്ല. (വി. മർക്കോ. 9:29)
21. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ. (വി. ലൂക്കോ. 6:28)
22. അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. (അപ്പോ. 2:42)
23. നിങ്ങളിൽ കഷ്ടം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. സുഖം അനുഭവിക്കുന്നവൻ പാട്ടുപാടട്ടെ. (വി. യാക്കോ. 5:13)
24. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവു അവനെ എഴുന്നേല്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും. (വി. യാക്കോ. 5:15)
25. നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. (വി. യാക്കോ. 5:16)
26. ദുഷ്ടന്മാരുടെ യാഗം യഹോവയ്ക്കു വെറുപ്പു; നേരുള്ളവരുടെ പ്രാർത്ഥനയോ അവനു പ്രസാദം. (സദൃ. 15:8)

27. യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു. (സങ്കീ. 145:18)
28. ഞാൻ യഹോവയോടു അപേക്ഷിച്ചു; അവൻ എനിക്കു ഉത്തരമരുളി എന്റെ സകല ഭയങ്ങളിൽനിന്നും എന്നെ വിടുവിച്ചു. (സങ്കീ. 34:4)
29. അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്കു അവനോടുള്ള ധൈര്യം ആകുന്നു. (1 യോഹ. 5:14)
30. യഹോവയായ ഞാൻ അവർക്കു ഉത്തരം അരുളും; യിസ്രയേലിന്റെ ദൈവമായ ഞാൻ അവരെ കൈവെടിയുകയില്ല. (യെശയ്യാ. 41:17)

## 15. നോമ്പ്

1. അവൻ (മോശ) അവിടെ ഭക്ഷണം കഴിക്കാതെയും വെള്ളം കുടിക്കാതെയും, നാൽപ്പതു പകലും നാൽപ്പതു രാവും യഹോവയോടു കൂടെ ആയിരുന്നു. (പുറ. 34:28)
2. അവർ മിസ്പയിൽ ഒന്നിച്ചുകൂടി. വെള്ളം കോരി യഹോവയുടെ സന്നിധിയിൽ ഒഴിച്ചു. ആ ദിവസം ഉപവസിച്ചു. ഞങ്ങൾ യഹോവയോടു പാപം ചെയ്തിരിക്കുന്നു എന്ന് അവിടെവച്ച് പറഞ്ഞു. (1 ശമൂ. 7:6)
3. നിനെവേക്കാർ ദൈവത്തിൽ വിശ്വസിച്ച് ഒരു ഉപവാസം പരസ്യം ചെയ്തു. വലിയവരും ചെറിയവരും ഒരുപോലെ രട്ടുടുത്തു. (യോന. 3:5)
4. അവൻ എഴുന്നേറ്റ് തിന്നു കുടിച്ചു. ആ ആഹാരത്തിന്റെ ബലംകൊണ്ട് നാൽപ്പത് പകലും നാൽപ്പത് രാവും ദൈവത്തിന്റെ പർവ്വതമായ ഹോരേബോളം ചെന്നു. (1 രാജാ. 19:8)
5. അവൻ നാൽപ്പത് പകലും നാൽപ്പത് രാവും ഉപവസിച്ചശേഷം അവനു വിശന്നു. (വി. മത്താ. 4:2)
6. അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാസിനേയും ശൗലിനേയും വിളിച്ചിരിക്കുന്ന വേലയ്ക്കായിട്ട് അവരെ എനിക്കു വേർതിരിപ്പിൻ എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു. (അപ്പോ. 13:2)
7. മണവാളൻ അവരെ വിട്ടുപിരിയേണ്ടുന്ന കാലം വരും. അന്ന് ആ കാലത്ത് അവർ ഉപവസിക്കും. (വി. മർക്കോ. 2:20)

8. എന്നാൽ ഇപ്പോഴെങ്കിലും, നിങ്ങൾ പൂർണ്ണഹൃദയത്തോടും, ഉപവാസത്തോടും, കരച്ചിലോടും, വിലാപത്തോടും കൂടെ എങ്കലേയ്ക്കു തിരിവിൻ എന്ന് യഹോവയുടെ അരുളപ്പാട്. (യോവേ. 2:12)

9. മറ്റുള്ളവരോട് പ്രസംഗിച്ചശേഷം, ഞാൻ തന്നെ കൊള്ളരുതാത്തവനായ് പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്. (1 കൊരി. 9:27)

10. ക്രിസ്തുയേശുവനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു ക്രൂശിച്ചിരിക്കുന്നു. (ഗലാ. 5:24)

11. പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല എന്ന് അവൻ പറഞ്ഞു. (മത്തായി 17:21)

12. അവർ സഭതോറും അവർക്ക് മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കുകയും ചെയ്തു. (അപ്പോ. 14:23)

13. നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിനു വിളങ്ങേണ്ടതിനു തലയിൽ എണ്ണ തേച്ച് മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം നൽകും. (വി. മത്താ. 6:17-18)

## 16. ദൈവഭക്തി

1. യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. ഭോഷന്മാരോ ജ്ഞാനവും പ്രബോധനവും നിരസിക്കുന്നു. (സദൃ. 1:7)

2. യഹോവാഭക്തി ജ്ഞാനോപദേശമാകുന്നു. മാനത്തിന് വിനയം മുന്നോടിയാകുന്നു. (സദൃ. 15:33)

3. യഹോവാഭക്തി ദോഷത്തെ വെറുക്കുന്നതാകുന്നു. ഡംഭം, അഹങ്കാരം, ദുർമ്മാർഗ്ഗം, വക്രതയുള്ള വായ് എന്നിവയെ ഞാൻ പകെക്കുന്നു. (സദൃ. 8:13)

4. യഹോവാഭക്തന് ദൃഢധൈര്യമുണ്ട്. അവന്റെ മക്കൾക്കും ശരണമുണ്ടാകും. (സദൃ. 14:26)

5. യഹോവാഭക്തി ജീവന്റെ ഉറവാകുന്നു. അതിനാൽ മരണത്തിന്റെ കണികളെ ഒഴിഞ്ഞുപോകും. (സദൃ. 14:27)

6. ബഹുനിക്ഷേപവും അതിനോടുകൂടെ കഷ്ടതയും ഉള്ളതിനേക്കാൾ യഹോവാഭക്തിയോടുകൂടെ അല്പധനം ഉള്ളത് നന്ന്. (സദൃ. 15:16)

7. പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ അനാഥരേയും വിധവമാരെയും അവരുടെ സങ്കടത്തിൽചെന്ന് കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെ തന്നെത്താൻ സൂക്ഷിച്ചുകൊള്ളുന്നതുമാകുന്നു. (വി. യാക്കോ. 1:27)

8. എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും. (2 തീമോ. 3:12)

9. യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. അവയെ ആചരിക്കുന്ന എല്ലാവർക്കും നല്ല ബുദ്ധിയുണ്ട്. അവന്റെ സ്തുതി എന്നേക്കും നിലനിൽക്കുന്നു. (സങ്കീ. 111:11)

10. താഴ്മയ്ക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു. (സദൃ. 22:4)

11. യഹോവാഭക്തി ജീവഹേതുകമാകുന്നു; അതുള്ളവൻ തൃപ്തനായി വസിക്കും. അനർത്ഥം അവനു നേരിടുകയില്ല. (സദൃ. 19:23)

12. യഹോവാഭക്തി ആയുസ്സിനെ ദീർഘമാക്കുന്നു. ദുഷ്ടന്മാരുടെ സംവത്സരങ്ങളോ കുറഞ്ഞുപോകും. (സദൃ. 10:27)

13. യഹോവാഭക്തി നിർമ്മലമായതു; അതു എന്നേക്കും നിലനിൽക്കുന്നു. (സങ്കീ. 19:9)

## 17. ദൈവവചനം

1. ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ. (സങ്കീ. 119:9)

2. നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവുമാകുന്നു. (സങ്കീ. 119:105)

3. ദൈവത്തിന്റെ വചനംകേട്ട് പ്രമാണിക്കുന്നവരത്രേ ഭാഗ്യവാന്മാർ. (വി. ലൂക്കോ. 11:28)

4. എന്റെ അമ്മയും സഹോദരന്മാരും ദൈവവചനം കേട്ട് ചെയ്യുന്നവരത്രെ. (വി. ലൂക്കോ. 8:21)

5. ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി, ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും, പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതുമാകുന്നു. (എബ്രാ. 4:12)

6. നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ. (എബ്രാ. 13:7)
7. തിരുവചനം പ്രമാണിക്കുന്നവൻ നന്മ കണ്ടെത്തും; യഹോവയിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ. (സദൃ. 16:20)
8. വചനത്തെ നിന്ദിക്കുന്നവൻ അതിനു ഉത്തരവാദി; കല്പനയെ ഭയപ്പെടുന്നവനോ പ്രതിഫലം പ്രാപിക്കുന്നു. (സദൃ. 13:13)
9. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല. (വി. മത്തായി 24:35)
10. ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. എന്റെ വചനം പ്രമാണിക്കുന്നവൻ ഒരുനാളും മരണം കാൺകയില്ല. (വി. യോഹ. 8:51)
11. ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു. (വി. മത്തായി 7:24)
12. ഞാൻ നിന്റെ വചനത്തിൽ ആശ്രയിക്കുന്നതുകൊണ്ട് എന്നെ നിന്ദിക്കുന്നവനോടു ഉത്തരം പറവാൻ ഞാൻ പ്രാപ്തനാകും. (സങ്കീ. 119:42)
13. തിരുവചനത്തിൽ ഞാൻ പ്രത്യാശ വെച്ചിരിക്കയാൽ നിന്റെ ഭക്തന്മാർ എന്നെ കണ്ടു സന്തോഷിക്കുന്നു. (സങ്കീ. 119:74)
14. തിരുവചനം എന്റെ അണ്ണാക്കിനു എത്ര മധുരം, അവ എന്റെ വായിക്കു തേനിലും നല്ലത്. (സങ്കീ. 119:103)
15. നിന്റെ വചനത്തിന്റെ സാരം സത്യം തന്നെ; നിന്റെ നീതിയുള്ള വിധികൾ ഒക്കെയും എന്നേക്കുമുള്ളത്. (സങ്കീ. 119:160)
16. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ. (എഫെസ്യർ 6:17)
17. യഹോവയുടെ ന്യായപ്രമാണം തികവുള്ളത്. അതു പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു. അതു അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു. (സങ്കീ. 19:7)
18. മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു. (മത്തായി 4:4).
19. എന്റെ വചനം കേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. (യോഹ. 5:24)

## 18. വിശ്വാസം

1. വിശ്വാസമെന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു. (എബ്രാ. 11:1)
2. ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു. ഇവയിൽ വലിയതോ സ്നേഹംതന്നെ. (1 കൊരി. 13:13)
3. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്, ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ. (വി. യോഹ. 14:1)
4. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും. (അപ്പോ. 16:31)
5. എന്റെ വചനംകേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. അവൻ ന്യായവിധിയിൽ ആകാതെ, മരണത്തിൽനിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു. (വി. യോഹ. 5:24)
6. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ? (1 യോഹ. 5:5)
7. ദൈവത്തിൽനിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. (1 യോഹ. 5:4)
8. എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ട് നിൽപ്പിൻ. (എഫെ. 6:16)
9. വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും. (വി. യോഹ. 11:40)
10. വിശ്വസിക്കുന്നവന് സകലവും കഴിയും. (വി. മർക്കോ. 9:23)
11. അവൻ യഹോവയിൽ വിശ്വസിച്ചു. അത് അവനു നീതിയായി കണക്കിട്ടു. (ഉൽപ. 15:6)
12. നീതിമാൻ വിശ്വാസത്താൽ ജീവിക്കും. (റോമ. 1:17)
13. വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു. (വി. യാക്കോ. 2:17)
14. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവൻ ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (വി. യോഹ. 3:16)

15. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക. (എബ്രാ. 12:2)

16. അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ, എന്നാൽ അതു നിങ്ങൾക്ക് ഉണ്ടാകും. (വി. മർക്കോസ് 11:24)

17. ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രെ. (വി. യോഹ. 6:29)

18. കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രെയാകുന്നു. (എഫേസ്യർ 2:8)

19. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. (റോമർ 3:25)

20. അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്ന് സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു. (അപ്പോ. 10:43)

21. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്. (ഗലാത്യർ 2:20)

22. അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. (വി. യോഹ. 1:12)

23. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. (ഗലാത്യർ 3:26)

24. നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവൻമൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു. (റോമർ 5:2)

25. എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല. (എബ്രായർ 11:6)

## 19. സ്നേഹം

1. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം (ആവ. 6:5)

2. കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണമെന്നുള്ള ഏക വാക്യത്തിൽ, ന്യായപ്രമാണം മുഴുവൻ അടങ്ങിയിരിക്കുന്നു. (ഗലാ. 5:14)
3. ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ, നിങ്ങളും തമ്മിൽതമ്മിൽ സ്നേഹിക്കണമെന്നാകുന്നു എന്റെ കൽപ്പന. (വി. യോഹ. 15:12)
4. സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം ഉള്ള സ്നേഹം ആർക്കും ഇല്ല. (വി. യോഹ. 15:13)
5. ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ല എങ്കിൽ ഞാൻ മുങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ അത്രെ. (1 കൊരി. 13:1)
6. സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല, സ്നേഹം നിഗളിക്കുന്നില്ല. (1 കൊരി. 13:4)
7. എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു, സ്നേഹം ഒരു നാളും ഉതിർന്നു പോകയില്ല. (1 കൊരി. 13:7–8)
8. നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു. (1 യോഹ. 3:14)
9. അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തെന്ന് അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വച്ചുകൊടുക്കേണ്ടതാകുന്നു. (1 യോഹ. 3:16)
10. എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല. എന്നേക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല. (വി. മത്താ. 10:37)
11. നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്വിൻ. (1 കൊരി. 16:14)
12. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ. (കൊലോ. 3:14)
13. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നെ. (വി. യോഹ. 13:34)

14. പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിപ്പിൻ. (വി. യോഹ. 15:9)

15. ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും. (വി. യോഹ. 15:10)

16. ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു. (1 യോഹ. 4:16)

17. എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. (1 യോഹ. 2:5)

18. ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകെക്കയും ചെയ്യുന്നവൻ കള്ളനാകുന്നു. (1 യോഹ. 4:20)

19. ആകയാൽ നിന്റെ ദൈവമായ യഹോവയെ നീ സ്നേഹിച്ചു; അവന്റെ പ്രമാണവും ചട്ടങ്ങളും വിധികളും കല്പനകളും എല്ലായ്പ്പോഴും പ്രമാണിക്കേണം. (ആവ. 11:1)

20. അവനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ സ്നേഹിക്കുന്നതും തന്നെപ്പോലെ കൂട്ടുകാരനെ സ്നേഹിക്കുന്നതും സകല സർവ്വാംഗഹോമങ്ങളെക്കാളും യാഗങ്ങളെക്കാളും സാരമേറിയതുതന്നെ. (വി. മർക്കോ. 12:33)

21. യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ടു ഞാൻ അവനെ സ്നേഹിക്കുന്നു. (സങ്കീ. 116:1)

22. യഹോവയെ സ്നേഹിക്കുന്നവരേ, ദോഷത്തെ വെറുപ്പിൻ. (സങ്കീ. 97:10)

23. അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം; അവന്റെ കല്പനകൾ ഭാരമുള്ളവയല്ല. (1 യോഹ. 5:3)

24. ഒരുത്തൻ ദൈവത്തെ സ്നേഹിക്കുന്നു എങ്കിലോ അവനെ ദൈവം അറിഞ്ഞിരിക്കുന്നു. (1 കൊരി. 8:3)

25. യഹോവ തന്നെ സ്നേഹിക്കുന്ന ഏവരെയും പരിപാലിക്കുന്നു. (സങ്കീ. 145:20)

## 20. പ്രത്യാശ

1. പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. കാണുന്ന പ്രത്യാശയോ പ്രത്യാശയല്ല, ഒരുത്തൻ കാണുന്നതിനായി ഇനി പ്രത്യാശിക്കുന്നതെന്തിന്? (റോമ. 8:24)
2. ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ ഒരു നങ്കൂരംതന്നെ. അത് നിശ്ചയവും സ്ഥിരവും തിരശീലയ്ക്ക് അകത്തേയ്ക്ക് കടക്കുന്നതുമാകുന്നു. (എബ്രാ. 6:19)
3. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു. (1 യോഹ. 3:3)
4. എന്നാൽ കർത്താവേ ഞാൻ ഏതിനായി കാത്തിരിക്കുന്നു. എന്റെ പ്രത്യാശ നിങ്കൽ വച്ചിരിക്കുന്നു. (സങ്കീ. 39:7)
5. നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശവച്ചിരിക്കുന്നുവെങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ. (1 കൊരി. 15:19)
6. ദുഷ്ടന് തന്റെ ദുഷ്ടതയാൽ വീഴ്ച വരുന്നു; നീതിമാനോ മരണത്തിലും പ്രത്യാശയുണ്ട്. (സദൃ. 14:32)
7. പ്രത്യാശയുള്ള ബദ്ധന്മാരേ കോട്ടയിലേയ്ക്ക് മടങ്ങിവരുവിൻ ഞാൻ നിനക്ക് ഇരട്ടിയായി പകരം നൽകും എന്ന് ഞാൻ ഇന്നു തന്നെ പ്രസ്താവിക്കുന്നു. (സഖറിയാ 9:12)
8. പാതാളം നിന്നെ സ്തുതിക്കുന്നില്ല. മരണം നിന്നെ വാഴ്ത്തുന്നില്ല. കുഴിയിൽ ഇറങ്ങുന്നവർ നിന്റെ വിശ്വസ്തതയെ പ്രത്യാശിക്കുന്നതുമില്ല. (യെശ. 38:18)
9. നാമോ പകലിനുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ടു സുബോധമായിരിക്കുക. (1 തെസ്സലോ. 5:8)
10. യഹോവ എന്റെ ഓഹരി എന്ന് എന്റെ ഉള്ളം പറയുന്നു. അതുകൊണ്ട് ഞാൻ അവനിൽ പ്രത്യാശവയ്ക്കുന്നു. (വിലാപ. 3:24)
11. നീതിമാന്മാരുടെ പ്രത്യാശ സന്തോഷമാകുന്നു; ദുഷ്ടന്മാരുടെ പ്രതീക്ഷയ്ക്കോ ഭംഗം വരുന്നു. (സദൃ. 10:28)
12. നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ; ദിവസം മുഴുവനും ഞാൻ നിങ്കൽ പ്രത്യാശവെയ്ക്കുന്നു. (സങ്കീ. 25:5)

13. യഹോവയായ കർത്താവേ, നീ എന്റെ പ്രത്യാശയാകുന്നു; ബാല്യം മുതൽ നീ എന്റെ ആശ്രയം തന്നെ. (സങ്കീ. 71:5)

14. നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ വച്ചുകൊള്ളേണ്ടതിനു ദൈവം അവനെ മരിച്ചവരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു. അവനു തേജസ്സു കൊടുത്തുമിരിക്കുന്നു. (1 പത്രോസ് 1:21)

15. ഞങ്ങളോ വിശ്വാസത്താൽ നീതി ലഭിക്കും എന്നുള്ള പ്രത്യാശാനിവൃത്തിയെ ആത്മാവിനാൽ കാത്തിരിക്കുന്നു. (ഗലാത്യർ 5:5)

16. കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. (റോമർ 5:3)

17. പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളം മുറുകെപ്പിടിച്ചുകൊണ്ടാൽ നാം തന്നെ അവന്റെ ഭവനം ആകുന്നു. (എബ്രായർ 3:6)

18. എന്നാൽ നിങ്ങൾ ഓരോരുത്തൻ പ്രത്യാശയുടെ പൂർണ്ണ നിശ്ചയം പ്രാപിപ്പാൻ അവസാനത്തോളം ഒരുപോലെ ഉത്സാഹം കാണിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. (എബ്രായർ 6:11)

19. യിസ്രയേലെ, യഹോവയിൽ പ്രത്യാശ വച്ചുകൊൾക; യഹോവയ്ക്കു കൃപയും അവന്റെ പക്കൽ ധാരാളം വീണ്ടെടുപ്പും ഉണ്ട്. (സങ്കീ. 130:7)

20. യാക്കോബിന്റെ ദൈവം സഹായമായി തന്റെ ദൈവമായ യഹോവയിൽ പ്രത്യാശയുള്ളവൻ ഭാഗ്യവാൻ. (സങ്കീ. 146:5)

## 21. സ്വർഗ്ഗം

1. ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നത്, ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറകയുമില്ല. ദൈവരാജ്യം നിങ്ങളുടെ ഇടയിൽതന്നെ ഉണ്ടല്ലോ. (വി. ലൂക്കോ. 17:20–21)

2. നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്. (വി. മത്താ. 5:10)

3. അവൻ സ്വർഗ്ഗത്തിലേയ്ക്ക് പോയി ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. (1 പത്രോ. 3:22)

4. നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു. അവിടെനിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരുമെന്ന് നാം കാത്തിരിക്കുന്നു. (ഫിലി. 3:20)

5. എങ്കിലും ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രെ സന്തോഷിപ്പിൻ. (വി. ലൂക്കോ. 10:20)

6. സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവുമാകുന്നു. നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതുവിധം, എന്റെ വിശ്രാമ സ്ഥലവും ഏത്? (ഏശയ്യാ. 66:1)

7. അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു. (റോമർ 1:18)

8. ദൈവം സ്വർഗ്ഗോന്നതത്തിൽ ഇല്ലയോ? നക്ഷത്രങ്ങൾ എത്ര ഉയർന്നിരിക്കുന്നു എന്നു നോക്കുക. (ഇയ്യോബ് 22:12)

9. ഞാനോ നിങ്ങളോടു പറയുന്നത് അശേഷം സത്യം ചെയ്യരുത്; സ്വർഗ്ഗത്തെക്കൊണ്ട് അരുത്, അത് ദൈവത്തിന്റെ സിംഹാസനം. (മത്താ. 5:34)

10. ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. (അപ്പോ. 17:24)

11. യഹോവ തന്റെ സിംഹാസനത്തെ സ്വർഗ്ഗത്തിൽ സ്ഥാപിച്ചിരിക്കുന്നു. അവന്റെ രാജത്വം സകലത്തെയും ഭരിക്കുന്നു. (സങ്കീ. 103:19)

12. യഹോവ തന്റെ വിശുദ്ധ മന്ദിരത്തിൽ ഉണ്ട്; യഹോവയുടെ സിംഹാസനം സ്വർഗ്ഗത്തിൽ ആകുന്നു. (സങ്കീ. 11:4)

13. പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളേവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. (വി. മത്താ. 11:25)

14. സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിപ്പിക്കും; ആകയാൽ അവന്റെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റു പണിയും. (നെഹ. 2:20)

15. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ. (വി. മത്തായി 5:12)

## 22. നരകം

1. പിന്നെ അവൻ ഇടത്തുള്ളവരോട്: ശപിക്കപ്പെട്ടവരെ, എന്നെ വിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ. (വി. മത്താ. 25:41)

2. പാപം ചെയ്ത ദൂതന്മാരെ, ദൈവം ആദരിക്കാതെ, അന്ധതമസ്സിന്റെ ചങ്ങലയിട്ട് നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏൽപ്പിച്ചു. (2 പത്രോ. 2:4)
3. ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതികളും പാതാളത്തിലേക്ക് തിരിയും. (സങ്കീ. 9:17)
4. വടികൊണ്ട് ബാലനെ അടിക്കുന്നതിനാൽ നീ അവന്റെ പ്രാണനെ പാതാളത്തിൽനിന്നു വിടുവിക്കും. (സദൃ. 23:14)
5. ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാർ നിത്യജീവങ്കലേക്കും പോകും. (വി. മത്താ. 25:46)
6. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും. (വെളി. 20:15)
7. ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട; ദേഹിയേയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ. (വി. മത്താ. 10:28)
8. ബുദ്ധിമാന്റെ ജീവയാത്ര മേലോട്ടാകുന്നു. കീഴെയുള്ള പാതാളത്തെ അവൻ ഒഴിഞ്ഞുപോകുന്നു. (സദൃ. 15:24)
9. വീശുമുറം അവന്റെ കൈയ്യിൽ ഉണ്ട്. അവൻ കളത്തെ മുറ്റും വെടിപ്പാക്കി ഗോതമ്പു കളപ്പുരയിൽ കൂട്ടിവയ്ക്കുകയും പതിർകെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും ചെയ്യും. (വി. മത്താ. 3:12)
10. നിന്റെ ശരീരം മുഴുവനും നരകത്തിൽ വീഴുന്നതിനേക്കാൾ നിന്റെ അവയവങ്ങളിൽ ഒന്നു നശിക്കുന്നത് നിനക്കു പ്രയോജനമത്രേ. (വി. മത്താ. 5:29)

## 23. മാതാപിതാക്കന്മാർ

1. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക. അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല. (സദൃ. 22:6)
2. നീ എനിക്കുവേണ്ടി എന്റെ കുഞ്ഞാടുകളെ മേയ്ക്ക. (വി. യോഹ. 21:15)
3. പിതാക്കന്മാരേ നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ. (എഫേ. 6:4)
4. പിതാക്കന്മാരെ നിങ്ങളുടെ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിന് അവരെ കോപിപ്പിക്കരുത്. (കൊലോ. 3:21)

5. സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും. (1 തീമോ. 3:5)

6. നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നതു വാഗ്ദത്തത്തോടു കൂടിയ ആദ്യ കല്പന ആകുന്നു. (എഫെ. 6:2-3)

7. അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവൻ മരിക്കേണം എന്നും ദൈവം കല്പിച്ചുവല്ലോ. (മത്താ. 15:4)

8. മകനെ നിന്റെ അപ്പന്റെ കല്പന പ്രമാണിക്ക; അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുത്. (സദൃ. 6:20)

9. മക്കളെ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ. (എഫെ. 6:1)

10. നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയേയോ പ്രാകുന്നവർ മരിക്കേണം എന്നും മോശ പറഞ്ഞുവല്ലോ. (വി. മർക്കോ. 7:10)

## 24. പൈതങ്ങൾ

1. മകനെ, യഹോവയെയും രാജാവിനെയും ഭയപ്പെടുക. മൽസരികളോട് ഇടപെടരുത്. (സദൃ. 24:21)

2. നരച്ചവന്റെ മുമ്പാകെ എഴുന്നേൽക്കയും വൃദ്ധന്റെ മുഖം ബഹുമാനിക്കുകയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം. ഞാൻ യഹോവ ആകുന്നു. (ലേവ്യ. 19:32)

3. അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവർ മരിക്കണം എന്നും ദൈവം കല്പിച്ചുവല്ലോ. (വി. മത്താ. 15:4)

4. മക്കളെ നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ. (എഫെ. 6:1)

5. തനിക്കുള്ളവർക്കും പ്രത്യേകം സ്വന്തക്കാർക്കുംവേണ്ടി കരുതാത്തവൻ, വിശ്വാസം തള്ളിക്കളഞ്ഞ് അവിശ്വാസിയെക്കാൾ അധമനായിരിക്കുന്നു. (1 തീമോ. 5:8)

6. എന്നാൽ ശമുവേൽ വളർന്നു. യഹോവ അവനോടുകൂടി ഉണ്ടായിരുന്നു; അവന്റെ വചനങ്ങൾ ഒന്നും നിഷ്ഫലമാകുവാൻ ഇടവരുത്തിയില്ല. (1 ശമു. 3:19)

7. മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ. (സങ്കീ. 127:3)
8. ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു. (വി. മത്താ. 18:4)
9. ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. (വി. മത്താ. 18:5)
10. ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടുക്കരുത്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ. (വി. മർക്കോ. 10:14)
11. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. (വി. മർക്കോ. 10:15)
12. നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. (വി. ലൂക്കോ. 1:76)
13. നിന്റെ മക്കൾ നിന്റെ മേശയ്ക്കുചുറ്റും ഒലിവുതൈകൾപോലെയും ഇരിക്കും. (സങ്കീ. 128:3)
14. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കൂ; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല. (സദൃ. 22:6)
15. നിന്റെ മകനെ ശിക്ഷിക്ക; അവൻ നിനക്കു ആശ്വാസമായിത്തീരും. (സദൃ. 29:17)

## 25. നിത്യജീവൻ

1. ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചുപോകയില്ല. ആരും അവയെ എന്റെ കൈയ്യിൽനിന്ന് പിടിച്ചുപറിക്കയുമില്ല. (വി. യോഹ. 10:28)
2. ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ, നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ. (വി. മത്താ. 5:48)
3. ദൈവം വെളിച്ചം ആകുന്നു, അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നുള്ളത്, ഞങ്ങൾ അവനോട് കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു. (1 യോഹ. 1:5)
4. അന്ന് നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. (വി. മത്താ. 13:43)

5. ജഡത്തിൽ വിതയ്ക്കുന്നവൻ, ജഡത്തിൽനിന്ന് നാശം കൊയ്യും, ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽനിന്ന് നിത്യജീവനെ കൊയ്യും. (ഗലാ. 6:8)
6. നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു. (റോമ. 6:8)
7. ഇവർ നിത്യദണ്ഡനത്തിലേയ്ക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും. (മത്താ. 25:46)
8. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു. (1 യോഹ. 5:20)
9. നീ അവനു നൽകിയിട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവനെ കൊടുക്കേണ്ടതിന് നീ സകല ജഡത്തിന്മേലും അവന് അധികാരം നല്കിയിരിക്കുന്നുവല്ലോ. (വി. യോഹ. 17:2)
10. ദൈവകൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ. (റോമ. 6:23)
11. നശിച്ചുപോകുന്ന ആഹാരത്തിന്നായിട്ടല്ല, നിത്യജീവങ്കലേക്കു നില നിൽക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവർത്തിപ്പിൻ. അതു മനു ഷപുത്രൻ നിങ്ങൾക്കുതരും. (വി. യോഹ. 6:27)
12. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു. (വി. യോഹ. 5:24)
13. പുത്രനെ നോക്കിക്കൊണ്ടു അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം. ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും. (വി. യോഹ. 6:40)
14. അവൻ നിന്നോടു ജീവനെ അപേക്ഷിച്ചു; നീ അവനു കൊടുത്തു. എന്നന്നേക്കുമുള്ള ദീർഘായുസ്സിനെ തന്നേ. (സങ്കീ. 21:4)
15. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരും. (വി. യോഹ. 4:14)

## 26. മരണം

1. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു. (ഫിലി. 1:21)

2. ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു. (2 കൊരി. 5:8)
3. എന്റെ വചനംകേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നത് നിത്യജീവനുണ്ട്. അവൻ ന്യായവിധിയിൽ ആകാതെ, മരണത്തിൽ നിന്ന് ജീവങ്കലേയ്ക്ക് കടന്നിരിക്കുന്നു. (വി. യോഹ. 5:24)
4. പാപത്തിന്റെ ശമ്പളം മരണമത്രെ. ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻതന്നെ. (റോമ. 6:23)
5. സത്യമായും, സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും, കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു. (വി. യോഹ. 5:25)
6. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും. (ഉൽപത്തി 2:17)
7. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. (1 കൊരി. 15:22)
8. ഞാൻ മരിക്കയില്ല; ഞാൻ ജീവനോടെയിരുന്നു യഹോവയുടെ പ്രവൃത്തികളെ വർണ്ണിക്കും. (സങ്കീ. 118:17)
9. നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു. (1 യോഹ. 3:14)
10. അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു. (റോമ. 5:12)
11. ജഡത്തിന്റെ ചിന്ത മരണം ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ. (റോമർ 8:6)
12. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. (എഫേ. 2:1)
13. അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളേയും അവൻ, അവനോടുകൂടെ ജീവിപ്പിച്ചു. (കൊലോസ്യർ 2:13)
14. നിങ്ങളെത്തന്നെ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിനു സമർപ്പിച്ചുകൊൾവിൻ. (റോമർ 6:13)

15. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; ഗോതമ്പുമണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. (വി. യോഹ. 12:24)

16. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരാ യെങ്കിൽ പുനരുത്ഥാനത്തിന്റെ സദൃശ്യത്തോടും ഏകീഭവിക്കും. (റോമർ 6:5)

17. കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പ ണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായൊരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു. (2 കൊരി. 5:1)

18. മനുഷ്യൻമൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാ നവും മനുഷ്യൻമൂലം ഉണ്ടായി. (1 കൊരി. 15:21)

19. യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്രകൊണ്ടവ രെയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും. (1 തെസ്സ. 4:14)

20. ദുഷ്ടനു തന്റെ ദുഷ്ടതയാൽ വീഴ്ച വരുന്നു; നീതിമാനോ മരണ ത്തിലും പ്രത്യാശയുണ്ട്. (സദൃ. 14:32)

21. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷ യുണ്ട്. അതു അത്യുത്തമമല്ലോ. (ഫിലി. 1:23)

## 27. ധ്യാനം

1. വൈകുന്നേരത്ത് ഇസഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്ത് പോയിരുന്നു. (ഉല്പ. 24:63)

2. നിന്റെ സകലപ്രവൃത്തികളെയും ഞാൻ ധ്യാനിക്കുന്നു. നിന്റെ കൈകളുടെ പ്രവർത്തിയെ ചിന്തിക്കുന്നു. (സങ്കീ. 143:5)

3. മറിയ ഈ വാർത്ത ഒക്കെയും ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനി ച്ചുകൊണ്ടിരുന്നു. (വി. ലൂക്കോ. 2:19)

4. ഈ കാര്യങ്ങളെല്ലാം അവന്റെ അമ്മ ഹൃദയത്തിൽ സംഗ്രഹിച്ചു. (വി. ലൂക്കോ. 2:51)

5. നടുങ്ങുവിൻ; പാപം ചെയ്യാതിരിപ്പിൻ; നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ചു മൗനമായിരിപ്പിൻ. (സങ്കീ. 4:4)

6. ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതുതന്നെ ഞാൻ ആഗ്രഹിക്കുന്നു. യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനു തന്നെ. (സങ്കീ. 27:4)
7. എന്റെ ധ്യാനം അവനു പ്രസാദകരമായിരിക്കട്ടെ. ഞാൻ യഹോവയിൽ സന്തോഷിക്കും. (സങ്കീ. 104:34)
8. ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും നിന്റെ വഴികളെ സൂക്ഷിക്കയും ചെയ്യുന്നു. (സങ്കീ. 119:15)
9. നിന്റെ ന്യായപ്രമാണം എനിക്കു എത്രയോ പ്രിയം; ഇടവിടാതെ അതു എന്റെ ധ്യാനമാകുന്നു. (സങ്കീ. 119:97)
10. നിന്റെ സാക്ഷ്യങ്ങൾ എന്റെ ധ്യാനമായിരിക്കകൊണ്ട് എന്റെ സകലഗുരുക്കന്മാരിലും ഞാൻ ബുദ്ധിമാനാകുന്നു. (സങ്കീ. 119:99)

## 28. പാപം

1. പാപം ചെയ്യുന്നവനെല്ലാം അധർമ്മവും ചെയ്യുന്നു. പാപം അധർമ്മം തന്നെ. (1 യോഹ. 3:4)
2. നന്മ ചെയ്‌വാൻ അറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ. (വി. യാക്കോ. 4:17)
3. ആകയാൽ പാപം നിങ്ങളുടെ മർത്ത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ്, ഇനി വാഴരുത്. (റോമ. 6:12)
4. പാപത്തിന്റെ ശമ്പളം മരണമത്രെ. ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ. (റോമ. 6:23)
5. മരണത്തിന്റെ വിഷമുള്ള് പാപം. പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. (1 കൊരി. 15:56)
6. അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു. (റോമ. 5:12)
7. പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപമാക്കി. (2 കൊരി. 5:21)
8. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ. (സങ്കീ. 32:1)

9. നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപക്കത്രെ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ. (റോമ. 6:14)

10. കർത്താവ് പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ. (റോമ. 4:8)

11. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു. (1 പത്രോ. 2:24)

12. നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. (1 യോഹ. 1:8)

13. ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞുക്കൊൾവിൻ. (അപ്പോ. 3:19)

14. അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല. (1 യോഹ. 3:6)

15. ഭോഷന്റെ നിരൂപണം പാപംതന്നെ; പരിഹാസി മനുഷ്യർക്കു വെറുപ്പാകുന്നു. (സദൃ. 24:9)

16. വിശ്വാസത്തിൽനിന്നു ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ. (റോമ. 14:23)

17. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു. (യാക്കോ. 1:15)

18. നീതി ജാതിയെ ഉയർത്തുന്നു; പാപമോ വംശങ്ങൾക്ക് അപമാനം. (സദൃ. 14:34)

19. നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിനു ഇന്നു എന്നു പറയുന്നേടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ. (എബ്രാ. 3:13)

20. നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും, രക്താംബരം പോലെ ചുമപ്പായിരുന്നാലും പഞ്ഞി പോലെ ആയിത്തീരും. (യെശയ്യാവ്. 1:18)

21. ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു; ദൈവത്തിൽനിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല. (1 യോഹ. 5:18)

22. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും. (വി. യോഹ. 16:8)

23. അകൃത്യം ക്ഷമിക്കുകയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോട് അതിക്രമം മോചിക്കുകയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളൂ? (മീഖാ. 7:18)

24. ഞാൻ പാപംചെയ്താൽ നീ കണ്ടുവെയ്ക്കുന്നു. എന്റെ അകൃത്യം നീ ശിക്ഷിക്കാതെ വിടുന്നതുമില്ല. (ഇയ്യോ. 10:14)

## 29. പരിശുദ്ധന്മാർ

1. അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും, ശരീരം വിട്ടാലും, ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു. (2 കൊരി. 5:9)

2. ആകയാൽ നാമും, സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ട്, സകലഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്ക് മുന്നിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. (എബ്രാ. 12:1)

3. യേശു അവനോട്, ഇന്ന് നീ എന്നോടുകൂടെ പറുദീസായിൽ ഇരിക്കുമെന്ന് ഞാൻ സത്യമായിട്ട് നിന്നോടു പറയുന്നു എന്ന് പറഞ്ഞു. (വി. ലൂക്കോ. 23:43)

4. രണ്ടു പുരുഷന്മാർ അവനോട് സംഭാഷിച്ചു; മോശയും ഏലിയാവും തന്നെ. അവർ തേജസ്സിൽ പ്രത്യക്ഷരായി അവൻ യെറൂശലേമിൽ പ്രാപിപ്പാനുള്ള നിര്യാണത്തെക്കുറിച്ച് സംസാരിച്ചു. (വി. ലൂക്കോ. 9:30–31)

5. നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണുമെന്നുള്ളതുകൊണ്ട് ഉല്ലസിച്ചു; അവൻ കണ്ട് സന്തോഷിച്ചുമിരിക്കുന്നു. (വി. യോഹ. 8:56)

6. കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദംകേട്ട് നന്മ ചെയ്തവർ ജീവനായും, തിന്മ ചെയ്തവർ ന്യായവിധിക്കായും, പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു. (വി. യോഹ. 5:28–29)

7. നീതിമാൻ പനപോലെ തഴെക്കും; ലബാനോനിലെ ദേവദാരുപോലെ വളരും. (സങ്കീ. 92:12)

8. ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളും അല്ല. വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരും അത്രേ. (എഫേ. 2:19)
9. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. (വി. മത്താ. 5:8)
10. നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻതക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. (1 പത്രോ. 2:9)
11. പരമാർത്ഥതയിൽ നടക്കുന്നവൻ നീതിമാൻ; അവന്റെ ശേഷം അവന്റെ മക്കളും ഭാഗ്യവാന്മാർ. (സദൃ. 20:7)
12. നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധന്മാരാകുവിൻ. (1 പത്രോ. 1:15)

## 30. മദ്ധ്യസ്ഥ പ്രാർത്ഥന

1. അബ്രഹാം അടുത്തുചെന്ന് പറഞ്ഞത്; ദുഷ്ടനോടുകൂടെ നീതിമാനേയും നീ സംഹരിക്കുമോ? (ഉല്പ. 18:23)
2. അങ്ങനെ മോശ യഹോവയുടെ അടുക്കൽ മടങ്ങിച്ചെന്ന് പറഞ്ഞതെന്തെന്നാൽ അയ്യോ! ഈ ജനം മഹാപാതകം ചെയ്തു പൊന്നുകൊണ്ട് തങ്ങൾക്ക് ഒരു ദൈവത്തെ ഉണ്ടാക്കിയിരിക്കുന്നു. എങ്കിലും നീ അവരുടെ പാപം ക്ഷമിക്കണമെ. (പുറ. 32:31)
3. ഞാൻ അവർക്കുവേണ്ടി അപേക്ഷിക്കുന്നു ലോകത്തിനു വേണ്ടിയല്ല, നീ എനിക്കു തന്നിട്ടുള്ളവർ നിനക്കുള്ളവർ ആകകൊണ്ട്, അവർക്ക് വേണ്ടിയത്രേ ഞാൻ അപേക്ഷിക്കുന്നത്. (വി. യോഹ. 17:9)
4. പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കണമെ. (വി. ലൂക്കോ. 23:34)
5. അവൻ ദൈവത്തിന്റെ വലതുഭാഗത്തിരിക്കയും, നമുക്കുവേണ്ടി പക്ഷവാദം കഴിക്കുകയും ചെയ്യുന്നു. (റോമ. 8:34)
6. അവനോ മുട്ടുകുത്തി; കർത്താവേ, അവർക്ക് ഈ പാപം നിർത്തരുതെ എന്ന് ഉച്ചത്തിൽ നിലവിളിച്ചു. (അപ്പോ. 7:60)
7. ഇങ്ങനെ പത്രോസിനെ തടവിൽ സൂക്ഷിച്ചുവരുമ്പോൾ, സഭ ശ്രദ്ധയോടെ അവനുവേണ്ടി ദൈവത്തോടു പ്രാർത്ഥന കഴിച്ചുപോന്നു. (അപ്പോ. 12:5)

8. സകലപ്രാർത്ഥനയാലും യാചനയാലും, ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട്, സകലവിശുദ്ധന്മാർക്കും എനിക്കുംവേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ. (എഫെ. 6:18)
9. അവൻ എങ്കിലും അവന്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടല്ല, ദൈവപ്രവൃത്തി അവങ്കൽ വെളിപ്പെടേണ്ടതിന്നത്രേ. (വി. യോഹ. 9:3)
10. എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. (യാക്കോബ് 5:16)
11. എന്റെ ദാസനായ ഇയ്യോബ് നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. ഞാൻ അവന്റെ മുഖം ആദരിച്ചു നിങ്ങളുടെ മൂഢതയ്ക്കു തക്കവണ്ണം നിങ്ങളോട് ചെയ്യാതിരിക്കും. (ഇയ്യോ. 42:8)
12. അവർ ചെന്ന്, അവർക്കു പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിന് അവർക്കായി പ്രാർത്ഥിച്ചു. (അപ്പോ. 8:15)

## 31. ശബ്ബത്ത്

1. ആറു ദിവസംകൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി. ഏഴാംദിവസം സ്വസ്ഥമായിരുന്നു. അതുകൊണ്ട് യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചിരിക്കുന്നു. (പുറ. 20:11)
2. നീ മിസ്രയീം ദേശത്ത് അടിമായിരുന്നു എന്നും അവിടെനിന്നും നിന്റെ യഹോവയായ ദൈവം നിന്നെ, ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും പുറപ്പെടുവിച്ചു എന്നും ഓർക്ക. അതുകൊണ്ട് ശബ്ബത്ത് നാൾ ആചരിപ്പാൻ നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചു. (ആവ. 5:15)
3. മനുഷ്യപുത്രനോ ശബ്ബത്തിനു കർത്താവാകുന്നു. (വി. മത്തായി 12:8)
4. അവൻ കപ്പർന്നഹോമിലേക്കു പോയി. ശബ്ബത്തിൽ അവൻ പള്ളിയിൽചെന്ന് ഉപദേശിച്ചു. (മർക്കോ. 1:21)
5. ആകയാൽ ദൈവത്തിന്റെ ജനത്തിന് ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു. (എബ്രാ. 4:9)
6. യേശു ചേറുണ്ടാക്കി കുരുടന്റെ കണ്ണുതുറന്നത് ഒരു ശബ്ബത്തുനാളിൽ ആയിരുന്നു. (യോഹ. 9:14)

7. ഇതു യഹോവയുണ്ടാക്കിയ ദിവസം, ഇന്നു നാം സന്തോഷിച്ചു ആനന്ദിക്കുക. (സങ്കീ. 118:24)

8. നീ എന്റെ വിശുദ്ധദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ അടക്കിവെച്ചു, ശബ്ബത്തിനെ ഒരു സന്തോഷം എന്നും യഹോവയുടെ വിശുദ്ധദിവസത്തെ ബഹുമാനയോഗ്യം എന്നു പറകയും നിന്റെ വേലയ്ക്കു പോകയോ നിന്റെ കാര്യാദികളെ നോക്കുകയോ വ്യർത്ഥസംസാരത്തിൽ നേരം പോക്കുകയോ ചെയ്യാതവണ്ണം അതിനെ ബഹുമാനിക്കയും ചെയ്യുമെങ്കിൽ നീ യഹോവയിൽ പ്രമോദിക്കും. (യെശയ്യാവ് 58:13)

9. ശബ്ബത്തിനെ അശുദ്ധമാക്കാതെ പ്രമാണിച്ചു ദോഷം ചെയ്യാതവണ്ണം തന്റെ കൈ സൂക്ഷിച്ചുംകൊണ്ട് ഇതുചെയ്യുന്ന മർത്ത്യനും ഇതു മുറുകെപിടിക്കുന്ന മനുഷ്യനും ഭാഗ്യവാൻ. (യെശയ്യാ. 56:2)

10. പിറ്റെ ശബ്ബത്തിൽ ഏകദേശം പട്ടണം മുഴുവനും ദൈവവചനം കേൾപ്പാൻ വന്നുകൂടി. (അപ്പോ. 13:44)

## 32. താഴ്മ

1. ധനവും ബഹുമാനവും നിങ്കൽനിന്നു വരുന്നു. നീ സർവ്വവും ഭരിക്കുന്നു. ശക്തിയും ബലവും നിന്റെ കൈയ്യിൽ ഇരിക്കുന്നു. സകലത്തേയും വലുതാക്കുന്നതും ശക്തീകരിക്കുന്നതും നിന്റെ പ്രവൃത്തി ആകുന്നു. (1 ദിന. 29:12)

2. എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു. എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ. (വി. ലൂക്കോ. 1:46–48)

3. യിസ്രയേൽ പുരുഷന്മാരേ, ഇതിങ്കൽ ആശ്ചര്യപ്പെടുന്നതെന്ത്? ഞങ്ങളുടെ സ്വന്ത ശക്തികൊണ്ടോ, ഭക്തികൊണ്ടോ, ഇവനെ നടക്കുമാറാക്കി എന്നപോലെ, ഞങ്ങളെ ഉറ്റുനോക്കുന്നതും എന്ത്? (അപ്പോ. 3:12)

4. ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളൂ? (1 കൊരി. 4:7)

5. ഞാൻ ആകുന്നത് ദൈവകൃപയാലാകുന്നു. എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല. അവരെ എല്ലാവരെക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു. എന്നാൽ ഞാനല്ല, എന്നോടുകൂടെയുള്ള ദൈവകൃപയത്രേ. (1 കൊരി. 15:10)

6. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു. (ഫിലി. 4:13)

7. പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽനിന്ന് ഇറക്കി താണവരെ ഉയർത്തിയിരിക്കുന്നു. (വി. ലൂക്കോ. 1:52)
8. ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്ന വൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു. (വി. മത്താ. 18:4)
9. നിന്നെ താഴ്ത്തുമ്പോൾ ഉയർച്ച എന്നു നീ പറയും. താഴ്മയുള്ള വനെ അവൻ രക്ഷിക്കും. (ഇയ്യോ. 22:29)
10. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. (വി. മത്താ. 11:29)
11. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു. താഴ്മയുള്ള വർക്കോ കൃപനൽകുന്നു. (1 പത്രോ. 5:5)
12. അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ. (1 പത്രോ. 5:6)
13. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും. (വി. ലൂക്കോ. 14:11)
14. യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു. ഗർവ്വിയെയോ അവൻ ദൂരത്തുനിന്നു അറിയുന്നു. (സങ്കീ. 138:6)
15. ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ള വരോടു കൂടെയും വസിക്കുന്നു. (യെശ. 57:15)

## 33. ക്ഷമ

1. ആത്മാവിന്റെ ഫലമോ; സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം. (ഗലാ. 5:22–23)
2. സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല. (1 കൊരി. 13:4)
3. കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്വിൻ. (കൊലോ. 3:13)

4. നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ. കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു. (വി. യാക്കോ. 5:8)

5. നിങ്ങൾ ക്ഷമകൊണ്ട് നിങ്ങളുടെ പ്രാണനെ നേടും. (വി. ലൂക്കോ. 21:19)

6. നാം കാണാത്തതിനായി പ്രത്യാശിക്കുന്നു എങ്കിലോ അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു. (റോമ. 8:25)

7. ഒരു കാര്യത്തിന്റെ ആരംഭത്തേക്കാൾ അതിന്റെ അവസാനം നല്ലത്. ഗർവ്വമാനസനേക്കാൾ ക്ഷമാമാനസൻ ശ്രേഷ്ഠൻ. (സഭാ. പ്ര. 7:8)

8. നിങ്ങൾ ഓരോരുത്തൻ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെതന്നെ നിങ്ങളോടും ചെയ്യും. (വി. മത്താ. 18:35)

9. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവും ഉള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ. (എഫേ. 4:32)

10. നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണ വിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടക്ക. (എഫെ. 4:2)

11. അന്യോന്യം പൊറുക്കയും ഒരുവനോട് ഒരുവനു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ. കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ. (കൊലോ. 3:13)

12. കർത്താവേ, നീ നല്ലവനും ക്ഷമിക്കുന്നവനും നിന്നോട് അപേക്ഷിക്കുന്നവരോടൊക്കെയും മഹാദയാലുവും ആകുന്നു. (സങ്കീ. 86:5)

13. നിങ്ങൾ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന് നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോട് ക്ഷമിപ്പിൻ. (വി. മർക്കോ. 11:25)

14. വിവേകബുദ്ധിയാൽ മനുഷ്യനു ദീർഘക്ഷമ വരുന്നു. ലംഘനം ക്ഷമിക്കുന്നത് അവനു ഭൂഷണം. (സദൃ. 19:11)

15. നിങ്ങൾ വല്ലതും ക്ഷമിക്കുന്നവനോട് ഞാനും ക്ഷമിക്കുന്നു. എന്നാൽ ഞാൻ വല്ലതും ക്ഷമിച്ചിരിക്കുന്നു എങ്കിൽ നിങ്ങൾ നിമിത്തം ക്രിസ്തുവിന്റെ സന്നിധാനത്തിൽ ക്ഷമിച്ചിരിക്കുന്നു. (2 കൊരി. 2:10)

## 34. അനുസരണം

1. മകനേ നിന്റെ അപ്പന്റെ കല്പനകളെ പ്രമാണിക്ക. അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുത്. (സദൃ. 6:20)
2. യേശു അവനോട്; എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും. (വി. യോഹ. 14:23)
3. സത്യമായും സത്യമായും ഞാൻ നിങ്ങളോട് പറയുന്നു; പിതാവ് ചെയ്തു കാണുന്നതല്ലാതെ, പുത്രന് സ്വതേ ഒന്നും ചെയ്‌വാൻ കഴികയില്ല. അവൻ ചെയ്യുന്നതെല്ലാം, പുത്രനും അവ്വണ്ണം തന്നെ ചെയ്യുന്നു. (വി. യോഹ. 5:19)
4. ഇതാ അനുസരിക്കുന്നത് യാഗത്തെക്കാളും, ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനേക്കാളും നല്ലത്. (1 ശമൂ. 15:22)
5. ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും. (റോമ. 5:19)
6. നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. (1 പത്രോ. 1:15)
7. നിങ്ങളുടെ ദൈവമായ യഹോവയെ നിങ്ങൾ അനുസരിച്ചു ഭയപ്പെടുകയും അവന്റെ കല്പന പ്രമാണിച്ചു അവന്റെ വാക്കു കേൾക്കയും അവനെ സേവിച്ചു അവനോടു ചേർന്നിരിക്കയും വേണം. (ആവ. 13:5)
8. പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു. (എബ്രാ. 5:8-9)
9. ദൈവത്തിന്റെ വചനംകേട്ടു പ്രമാണിക്കുന്നവർ അത്രെ ഭാഗ്യവാന്മാർ. (വി. ലൂക്കോ. 11:28)
10. എല്ലാറ്റിന്റെയും സാരം കേൾക്കുക. ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്. (സഭാപ്രസംഗി. 12:13)
11. ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കയും ചെയ്ക. (ഗലാത്യർ. 5:25)
12. നാം ദൈവത്തെ സ്നേഹിച്ചു, അവന്റെ കല്പനകളെ അനുസരിച്ചു നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്നു അതിനാൽ അറിയാം (1 യോഹ. 5:2)

13. ദിവസംപ്രതി എന്റെ പടിവാതിൽക്കൽ ജാഗരിച്ചും എന്റെ വാതിൽക്കട്ടളയ്ക്കൽ കാത്തുകൊണ്ടും എന്റെ വാക്കു കേട്ടനുസരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. (സദൃ. 8:34)

14. തിരുവചനം പ്രമാണിക്കുന്നവൻ നന്മ കണ്ടെത്തും; യഹോവയിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ. (സദൃ. 16:20)

## 35. സമ്പത്ത്

1. ലഭിച്ചതല്ലാതെ നിനക്കു എന്തുള്ളൂ? (1 കൊരി. 4:7)

2. പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്ന് മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. (മത്താ. 6:19)

3. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ, മതി എന്നു നാം വിചാരിക്ക. (1 തിമോ. 6:8)

4. നിങ്ങൾക്ക് ദൈവത്തെയും മാമ്മോനേയും സേവിപ്പാൻ കഴികയില്ല. (വി. ലൂക്കോ. 16:13)

5. മക്കളേ, സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം. (വി. മർക്കോ. 10:24)

6. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ, ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം. (വി. മർക്കോ. 10:25)

7. യേശു ചുറ്റും നോക്കി തന്റെ ശിഷ്യന്മാരോടു: സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം എന്നു പറഞ്ഞു. (വി. മർക്കോ.10:23)

8. യഹോവയുടെ അനുഗ്രഹത്താൽ സമ്പത്തുണ്ടാകുന്നു. അദ്ധ്വാനത്താൽ അതിനോട് ഒന്നും കൂടുന്നില്ല. (സദൃ. 10:22)

9. തന്റെ സമ്പത്തിൽ ആശ്രയിക്കുന്നവൻ വീഴും. നീതിമാന്മാരോ പച്ചയിലപോലെ തഴെക്കും. (സദൃ. 11:28)

10. ദൈവം ധനവും ഐശ്വര്യവും അതു അനുഭവിച്ചു തന്റെ ഓഹരി ലഭിച്ചു തന്റെ പ്രയത്നത്തിൽ സന്തോഷിപ്പാൻ അധികാരവും കൊടുത്തിരിക്കുന്നു. ഏതു മനുഷ്യനും അതു ദൈവത്തിന്റെ ദാനം തന്നെ. (സഭാ. 5:19)

11. നിന്റെ ദൈവമായ യഹോവയെ നീ ഓർക്കേണം. നിന്റെ പിതാക്കന്മാരോട് സത്യം ചെയ്ത തന്റെ നിയമം ഇന്നുള്ളതുപോലെ ഉറപ്പിക്കേണ്ടതിനു അവനല്ലോ നിനക്ക് സമ്പത്തുണ്ടാക്കുവാൻ ശക്തിതരുന്നത്. (ആവ. 8:18)

12. സമ്പത്തു എന്നേക്കും ഇരിക്കുന്നതല്ലല്ലോ. കിരീടം തലമുറ തല മുറയോളം ഇരിക്കുമോ? (സദൃ. 27:24)
13. ധനവാനാകേണ്ടതിനു പണിപ്പെടരുത്. അതിന്നായുള്ള ബുദ്ധി വിട്ടു കളയുക. (സദൃ. 23:4)
14. ദ്രവ്യപ്രിയനു ദ്രവ്യം കിട്ടീട്ടും ഐശ്വര്യപ്രിയന്നു ആദായം കിട്ടീട്ടും തൃപ്തി വരുന്നില്ല. (സഭാ. 5:10)
15. വേല ചെയ്യുന്ന മനുഷ്യൻ അല്പമോ അധികമോ ഭക്ഷിച്ചാലും അവന്റെ ഉറക്കം സുഖകരമാകുന്നു. ധനവാന്റെ സമൃദ്ധിയോ അവനെ ഉറങ്ങുവാൻ സമ്മതിക്കുന്നില്ല. (സഭാ. 5:12)
16. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹുദുഃഖങ്ങൾക്കു അധീന രായിത്തീർന്നിരിക്കുന്നു. (1 തിമോ. 6:10)
17. പീഡനത്തിൽ ആശ്രയിക്കരുത്; കവർച്ചയിൽ മയങ്ങിപ്പോകരുത്; സമ്പത്തു വർദ്ധിച്ചാൽ അതിൽ മനസ്സുവെക്കരുത്. (സങ്കീ. 62:10)
18. സൽഗുണപൂർണ്ണരാകുവാൻ ഇച്ഛിച്ചാൽ നീ ചെന്ന് നിനക്കുള്ളതു വിറ്റ് ദരിദ്രർക്കു കൊടുക്ക; എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും. (വി. മത്താ. 19:21)
19. ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുത്; ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുത്. ധനവാൻ തന്റെ ധനത്തിലും പ്രശം സിക്കരുത്. (യിരമ്യാ. 9:23)

## 36. ക്രിസ്തീയദാനം

1. യേശുക്രിസ്തു സമ്പന്നായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്, നിങ്ങൾ നിമിത്തം ദരിദ്ര നായിത്തീർന്ന കൃപ, നിങ്ങൾ അറിയുന്നുവല്ലോ. (2 കൊരി. 8:9)
2. എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന് മുട്ടുള്ളതു കണ്ടിട്ട് അവനോട് മനസ്സലിവു കാണിക്കാഞ്ഞാൽ, ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും. (1 യോഹ. 3:17)
3. സങ്കടത്തോടെ അരുത്, നിർബന്ധത്താലുമരുത്, സന്തോഷ ത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. (2 കൊരി. 9:7)
4. പ്രാപ്തിപോലെയും, പ്രാപ്തിക്കു മീതെയും സ്വമേധയാ കൊടുത്തു എന്നതിന്, ഞാൻ സാക്ഷി. (2 കൊരി. 8:4)

5. എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തേടത്തോളമെല്ലാം എനിക്ക് ചെയ്തു, എന്ന് സത്യമായിട്ട് നിങ്ങളോടു പറയുന്നു. (വി. മത്താ. 25:40)
6. ഈ ഏറ്റവും ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്യാഞ്ഞേടത്തോളമെല്ലാം, എനിക്കാകുന്നു ചെയ്യാഞ്ഞത്, എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു. (വി. മത്താ. 25:45)
7. സകലവും നിങ്കൽനിന്നല്ലോ വരുന്നത്. നിന്റെ കൈയ്യിൽനിന്നു വാങ്ങി ഞങ്ങൾ നിനക്ക് തന്നതേയുള്ളൂ. (1 ദിന. 29:14)
8. എളിയവനോടു കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മയ്ക്ക് അവൻ (യഹോവ) പകരം കൊടുക്കും. (സദൃ. 19:17)

## 37. രക്ഷ

1. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു. (യെശ. 53:5)
2. നാം പാപം സംബന്ധിച്ച് മരിച്ച്, നീതിക്ക് ജീവിക്കേണ്ടതിന്, അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു. (1 പത്രോ. 2:24)
3. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (വി. യോഹ. 3:16)
4. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിപ്പാനിരിക്കകൊണ്ട്, നീ അവന് യേശു എന്നു പേർ ഇടണം. (വി. മത്താ. 1:21)
5. യഹോവ തന്റെ ജനത്തിൽ പ്രസാദിക്കുന്നു. താഴ്മയുള്ളവരെ അവൻ രക്ഷകൊണ്ട് അലങ്കരിക്കും. (സങ്കീ. 149:4)
6. മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല. (അപ്പോ. 4:12)
7. ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റിഒഴിയും. (എബ്രാ. 2:4)
8. അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും. (വി. മർക്കോ. 13:13)

9. കൃപയാലല്ലോ, നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രെ ആകുന്നു. (എഫേ. 2:8)
10. ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ. (ഫിലി. 2:12)
11. ആകയാൽ നിങ്ങളുടെ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ. (വി. മത്താ. 5:48)
12. യഹോവേ! നിന്റെ ദയ ഞങ്ങളെ കാണിക്കണമെ. നിന്റെ രക്ഷ ഞങ്ങൾക്കു നൽകണമെ. (സങ്കീ. 85:7)
13. നീതിമാന്മാരുടെ രക്ഷ യഹോവിങ്കൽനിന്നു വരുന്നു. കഷ്ടകാലത്ത് അവൻ അവരുടെ ദുർഗം ആകുന്നു. (സങ്കീ. 37:39)
14. കർത്താവായ യേശുവിൽ വിശ്വസിക്ക. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്നു പറഞ്ഞു. (അപ്പോ. 16:31)
15. നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിനു നമുക്കുവേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാനത്രെ നിയമിച്ചിരിക്കുന്നത്. (1 തെസ്സ. 5:10)
16. അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു. (1 തീമോ. 2:4)
17. പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി തന്നേ അനുസരിക്കുന്ന എല്ലാവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നിരിക്കുന്നു. (എബ്രാ. 5:8,9)
18. അതുകൊണ്ട് ക്രിസ്തുയേശുവിലുള്ള രക്ഷ നിത്യതേജസ്സോടുകൂടെ വൃതന്മാർക്കു കിട്ടേണ്ടതിനു ഞാൻ അവർക്കായി സകലവും സഹിക്കുന്നു. (2 തീമോ. 2:10)
19. എന്നാൽ എന്റെ നീതി ശാശ്വതമായും എന്റെ രക്ഷ തലമുറ തലമുറയായും ഇരിക്കും. (യെശ. 51:8)

## 38. സമാധാനം

1. അവൻ (യേശുക്രിസ്തു) നമ്മുടെ സമാധാനം. (എഫെ. 2:14)
2. സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതു പോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭ്രമിക്കയുമരുത്. (വി. യോഹ. 14:27)

3. എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം, നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും. (ഫിലി. 4:7)
4. ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം. (ഗലാ. 5:22–23)
5. കഴിയുമെങ്കിൽ, നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ. (റോമ. 12:18)
6. സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും. (വി. മത്താ. 5:9)
7. എന്നാൽ സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതച്ച്, നീതിയെന്ന ഫലം കൊയ്യും. (വി. യാക്കോ. 3:18)
8. ദോഷം വിട്ടകന്ന് ഗുണം ചെയ്ക. സമാധാനം അന്വേഷിച്ച് പിന്തുടരുക. (സങ്കീ. 34:14)
9. സ്നേഹത്തിൽ അന്യോന്യം പൊറുക്കയും, ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ. (എഫേ. 4:3)
10. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവം നിങ്ങളോടുകൂടെ ഇരിക്കും. (2 കൊരിന്ത്യ. 13:11)
11. എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. (എബ്രാ. 12:14)
12. യഹോവേ നീ ഞങ്ങൾക്കായിട്ടു സമാധാനം നിയമിക്കും; ഞങ്ങളുടെ സകലപ്രവൃത്തികളെയും നീ ഞങ്ങൾക്കുവേണ്ടി നിവർത്തിച്ചിരിക്കുന്നുവല്ലോ. (യെശയ്യാവ് 26:12)
13. സമാധാനത്തിന്റെ കർത്താവായവൻ താൻ നിങ്ങൾക്ക് എല്ലായ്പ്പോഴും സകലവിധത്തിലും സമാധാനം നൽകുമാറാകട്ടെ. കർത്താവ് നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ. (2 തെസ്സ. 3:16)
14. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം. (വി. ലൂക്കോ. 2:14)
15. അവൻ വന്നു; ദൂരത്തായിരുന്ന നിങ്ങൾക്ക് സമാധാനവും, സമീപത്തുള്ളവർക്ക് സമാധാനവും സുവിശേഷിച്ചു. (എഫേ. 2:17)
16. വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്. (റോമർ 5:1)

17. ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല; നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ. (റോമ. 14:17)
18. ജഡത്തിന്റെ ചിന്ത മരണം; ആത്മാവിന്റെ ചിന്ത ജീവനും സമാധാനവും തന്നേ. (റോമ. 8:6)
19. നിന്റെ ന്യായപ്രമാണത്തോട് പ്രിയം ഉള്ളവർക്ക് മഹാസമാധാനം ഉണ്ട്. അവർക്ക് വീഴ്ചയ്ക്ക് സംഗതി ഏതുമില്ല. (സങ്കീ. 119:165)
20. സ്ഥിരമാനസൻ നിന്നിൽ ആശ്രയം വച്ചിരിക്കകൊണ്ട് നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു. (യെശയ്യാവ് 26:3)

## 39. രണ്ടാമത്തെ വരവ്

1. ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കുന്നതെന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടുംവരും. (അപ്പോ. 1:11)
2. കള്ളൻ രാത്രിയിൽ വരുമ്പോലെ, കർത്താവിന്റെ നാൾവരുന്നു എന്ന് നിങ്ങൾ തന്നെ നന്നായി അറിയുന്നുവല്ലോ. (1 തെസ്സ. 5:2)
3. കർത്താവ് താൻ ഗംഭീരനാദത്തോടും, പ്രധാനദൂതന്റെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. (1 തെസ്സ. 4:16)
4. ചിലർ താമസമെന്നു വിചാരിക്കുന്നതുപോലെ, കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ, എല്ലാവരും മാനസാന്തരപ്പെടുവാൻ ഇച്ഛിച്ച്, നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. (2 പത്രോ. 3:9)
5. ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ, നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ, അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിന്, അവനിൽ വസിപ്പിൻ. (1 യോഹ. 2:28)
6. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ. കർത്താവ് വരുവാൻ അടുത്തിരിക്കുന്നു. (ഫിലി. 4:5)
7. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും; അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. (2 പത്രോ. 3:10)

8. ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമ ല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറി യുന്നില്ല. (വി. മത്താ. 24:36)

9. ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ച് നിർമ്മദരായി യേശുക്രി സ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപ യിൽ പൂർണ്ണപ്രത്യാശ വെച്ചുകൊൾവിൻ. (1 പത്രോ. 1:13)

10. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാളിൽ കുറ്റമില്ലാ ത്തവരായിരിക്കേണ്ടതിന് അവൻ നിങ്ങളെ അവസാനത്തോളം ഉറപ്പിക്കും. (1 കൊരി. 1:8)

11. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്ത് വിളങ്ങും; അന്ന് ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ട് മനു ഷ്യപുത്രൻ ആകാശങ്ങളിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും. (വി. മത്താ. 24:30)

12. ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലതുഭാഗത്ത് ഇരിക്കു ന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും. (വി. മത്താ. 26:64)

13. കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗ ത്തിൽനിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനാകും. (2 തെസ്സ. 1:6)

14. ഒരിക്കൽ മരിക്കയും പിന്ന ന്യായവിധിയും മനുഷ്യർക്ക് നിയമി ച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപ ങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തു നിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാ മതു പ്രത്യക്ഷനാകും. (എബ്രാ. 9:27–28)

15. രാത്രി കഴിവാറായി, പകൽ അടുത്തിരിക്കുന്നു; അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയു ധവർഗ്ഗം ധരിച്ചുകൊൾക. (റോമ. 13:12)

16. യജമാനൻ വരുന്നേരം ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസന്മാർ ഭാഗ്യവാന്മാർ. (വി. ലൂക്കോ. 12:37)

17. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നെ കാണുന്നതാകകൊണ്ട് അവനോട് സദൃശ്യന്മാർ ആകും. (1 യോഹ. 3:2)

18. എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ വാടാത്ത കിരീടം പ്രാപിക്കും. (1 പത്രോ. 5:4)

19. എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷത വരെ ദീർഘക്ഷമയോടിരിപ്പിൻ. (വി. യാക്കോ. 5:7)

20. നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു. (വി. യാക്കോ. 5:8)

## 40. ന്യായവിധി

1. ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്ക് അയച്ചത്, ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. (വി. യോഹ. 3:17)
2. അവനിൽ വിശ്വസിക്കുന്നവന് ന്യായവിധി ഇല്ല. വിശ്വസിക്കാത്തവന്, ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു. (വി. യോഹ. 3:18)
3. ന്യായവിധിയെന്നതോ വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതുതന്നെ. (വി. യോഹ. 3:19)
4. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും. (എബ്രാ. 9:27-28)
5. എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ, പുത്രനെയും ബഹുമാനിക്കേണ്ടതിന്, പിതാവ് ആരെയും ന്യായം വിധിക്കാതെ, ന്യായവിധിയെല്ലാം പുത്രന് കൊടുത്തിരിക്കുന്നു. (വി. യോഹ. 5:22)
6. അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. (2 കൊരി. 5:10)
7. സകലജാതികളെയും അവന്റെ മുമ്പിൽ കൂട്ടും. അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ച്, ചെമ്മരിയാടുകളെ തന്റെ വലത്തും, കോലാടുകളെ ഇടത്തും നിർത്തും. (വി. മത്താ. 25:32-33)
8. ജീവികളെയും മരിച്ചവരെയും ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവന് അവർ കണക്ക് ബോധിപ്പിക്കേണ്ടിവരും. (1 പത്രോ. 4:5)

9. ന്യായവിധി ദിവസത്തിൽ നമുക്ക് ധൈര്യം ഉണ്ടാവാൻ തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു. (1 യോഹ. 4:17)

10. എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെനാളിൽ അവനെ ന്യായം വിധിക്കും. (വി. യോഹ. 12:48)

11. കരുണ കാണിക്കാത്തവനു കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും; കരുണ ന്യായവിധിയെ ജയിച്ചു പ്രശംസിക്കുന്നു. (യാക്കോ. 2:13)

12. നന്മ ചെയ്തവർ ജീവനായും, തിന്മ ചെയ്തവർ ന്യായവിധി ക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു. (വി. യോഹ. 5:29)

## 41. കൃപ

1. വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. (വി. യോഹ. 1:14)

2. അവന്റെ നിറവിൽനിന്നു നമുക്കു എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു. (വി. യോഹ. 1:16)

3. ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു. (വി. യോഹ. 1:17)

4. പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു പോന്നു, ദൈവകൃപയും അവൻമേൽ ഉണ്ടായിരുന്നു. (വി. ലൂക്കോ. 2:40)

5. യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനു ഷ്യരുടെയും കൃപയിലും മുതിർന്നുവന്നു. (വി. ലൂക്കാ. 2:52)

6. യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു. യഹോവ കൃപയും മഹത്വവും നൽകുന്നു. (സങ്കീ. 84:11)

7. അപ്പോസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം പറഞ്ഞുവന്നു. എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരുന്നു. (അപ്പോ. 4:33)

8. പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താ വായ യേശുക്രിസ്തു മുഖാന്തരം നീതിയാൽ നിത്യജീവനായി വാഴേണ്ടതിനു തന്നെ. (റോമ. 5:21)

9. അതു അവൻ നമുക്കു ധാരാളമായി കാണിച്ച കൃപാധനപ്രകാരം സകല ജ്ഞാനവും വിവേകവുമായി നൽകിയിരിക്കുന്നു. (എഫേ. 1:8)

10. കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രെയാകുന്നു. (എഫേ. 2:8)

11. എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു. (2 കൊരി. 12:9)

12. ഓരോരുത്തനു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ. (1 പത്രോ. 4:10)

13. എങ്കിലും ഞാൻ ആകുന്നു ദൈവകൃപയാൽ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല. (1 കൊരി. 15:10)

14. നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകലപ്രവൃത്തിയിലും പെരുകി വരുമാറ് നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ ദൈവം ശക്തൻ ആകുന്നു. (2 കൊരി. 9:8)

15. കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിനു ആവശ്യംപോലെ ആത്മീക വർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്. (എഫേസ്യർ 4:29)

16. എന്റെ മകനെ, ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക. (2 തീമോ. 2:1)

17. കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ. (2 പത്രോ. 3:18)

18. ഓരോരുത്തനോട് നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയേണ്ടതിനു നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ. (കൊലോ. 4:6)

19. പരിഹാസികളെ അവൻ പരിഹസിക്കുന്നു. എളിയവർക്കോ അവൻ കൃപ നൽകുന്നു. (സദൃ. 3:34)

20. ആകയാൽ നിങ്ങളുടെ മനസ്സു ഉറപ്പിച്ചു നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്ക് വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ. (1 പത്രോ. 1:13)

## 42. സത്വം

1. ഞാൻ (യേശു) തന്നേ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. (വി. യോഹ. 14:6)
2. സ്വയമായി പ്രസ്താവിക്കുന്നവൻ സ്വന്ത മഹത്വം അന്വേഷിക്കുന്നു. തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു. (വി. യോഹ. 7:18)
3. വചനം ജഡമായിത്തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. (വി. യോഹ. 1:14)
4. ഞാനോ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. (വി. യോഹ. 8:45)
5. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും. (വി. യോഹ. 14:16)
6. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. (വി. യോഹ. 16:13)
7. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമെ; നിന്റെ വചനം സത്യമാകുന്നു. (വി. യോഹ. 17:17)
8. ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം. (വി. യോഹ. 4:24)
9. യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു. (സങ്കീ. 145:18)
10. അവന്റെ കൈകളുടെ പ്രവൃത്തികൾ സത്യവും ന്യായവും ആകുന്നു. (സങ്കീ. 111:7)
11. നിന്റെ വചനത്തിന്റെ സാരം സത്യം തന്നെ; നിന്റെ നീതിയിലുള്ള വിധികൾ ഒക്കെയും എന്നേക്കുമുള്ളവ. (സങ്കീ. 119:160)
12. നീ സത്യം വിൽക്കയല്ല വാങ്ങുകയത്രെ വേണ്ടതു, ജ്ഞാനവും പ്രബോധനവും വിവേകവും അങ്ങനെതന്നെ. (സദൃ. 23:23)
13. സത്യം പറയുന്ന അധരം എന്നേക്കും നിലനിൽക്കും; വ്യാജം പറയുന്ന നാവോ മാത്ര നേരത്തേക്കേയുള്ളൂ. (സദൃ. 12:19)
14. സത്യം പറയുന്നവൻ നീതി അറിയിക്കുന്നു. കള്ളസാക്ഷിയോ വഞ്ചന അറിയിക്കുന്നു. (സദൃ. 12:17)

15. ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം പറവീൻ; നിങ്ങളുടെ ഗോപുരങ്ങളിൽ നേരോടും സമാധാനത്തോടും കൂടെ ന്യായപാലനം ചെയ്‌വിൻ. (സഖ. 8:16)

16. അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. (1 കൊരി. 13:6)

17. സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സല്ക്കീർത്തിക്കായതു ഒക്കെയും സൽഗുണമോ പുകഴ്ച്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ. (ഫിലിപ്പ്യർ 4:8)

18. വ്യാജമുള്ള അധരങ്ങൾ യഹോവയ്ക്കു വെറുപ്പു; സത്യം പ്രവർത്തിക്കുന്നവരോ അവനു പ്രസാദം. (സദൃ. 12:22)

19. സത്യത്തിനു സാക്ഷി നിൽക്കേണ്ടതിനു ഞാൻ ജനിച്ചു; അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു. (വി. യോഹ. 18:37)

•